കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചെങ്കള ഗ്രാമപഞ്ചായത്ത്

# 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ് ജില്ലാ

ഓഡിറ്റ് കാര്യാലയം

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി/6/75/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
കാസറഗോഡ് ജില്ല
തീയതി.30.01.2017

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെങ്കള ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :ചെങ്കള ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി-6/75/2017 തിയ്യതി:30.01.2017

## കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2015 മുതൽ 31-12-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് നടത്തിയ പണം പിൻവലിക്കലുകൾ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ

ുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 11.01.2017 മുതൽ 16.01.2017 വരെ | |
| ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | സത്യാനന്ദൻ.സി.വി | ഓഡിറ്റ് ഓഫീസർ |
| | ധനജയൻ.T.S | ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | യാദവ കുമാര. സി.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | തോമസ്.കെ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ | അസിസ്റ്റന്റ്ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ. എം | സീനിയർഗ്രേഡ് ഓഡിറ്റർ |
| | കെ.സി.കുഞ്ഞികൃഷ്ണൻ | സീനിയർഗ്രേഡ് ഓഡിറ്റർ |
| | സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.ബി.അബ്ദുള്ള ഹാജി | 01.04.2015മുതൽ 31.10.2015വരെ |
| | ശ്രീമതി.ഷാഹിന സലിം | 19.11.2015മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ജയൻ.പി | 01.04.2015 മുതൽ 22.6.2015 വരെ |
| | ശ്രീ.ബാബു.എം (ഇൻ ചാർജ്ജ്) | 23.06.2015 മുതൽ 22.7.2015വരെ |
| | ശ്രീ.വത്സൻ.എം | 23.07.2015 മുതൽ 31.3.2016വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ബാബു.എം | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എഞ്ചിനിയർ | മിത്ര.വി | 01.04.2015മുതൽ 29.05.2015 വരെ |
| | അനിത.കെ | 30.05.2015 മുതൽ 16.6.2015വരെ |
| | ശ്രുതി.എം.കെ | 17.06.2015 മുതൽ 31.3.2016 വരെ |

| | | |
|---|---|---|
| കൃഷി ഓഫീസർ | കെ.കെ.ഹേന | 01.04.2015 മുതൽ 30.11.2015 വരെ |
| | ബിന്ദു ജോർജ്ജ് | 01.12.2015 മുതൽ 31.12.2015 വരെ |
| | കെ.കെ.ഹേന | 01.01.2016മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജിഷ.പി.ജി | 01.04.2015 മുതൽ 30.12.2015 വരെ |
| | തസ്ലിന.എൻ.പി | 31.12.2015 മുതൽ 22.03.2016 വരെ |
| | ജ്യോതി.പി | 23.03.2016 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (ചെർക്കള) | എം.ഗംഗാധരൻ | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ (പാടി) | ശിശുപാലൻ.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ്മാസ്റ്റർ | അബ്ദുൾ ഖാദർ | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ശ്രീനാഥ്.ഡി.എസ് | 01.04.2015 മുതൽ 25.02.2016 വരെ |
| | ഡോ.ബബിത.എൻ.എം | 26.02.2016 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.ജയശ്രീ.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.ഷമീമ തൻവ്വീർ.എ.എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.എം.എസ്.ഷീബ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | വാർഷിക ധനകാര്യ പത്രിക പരിശോധന തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 2-1 |
| 12 | വസ്തു നികുതി പിരിവ് കാര്യക്ഷമമല്ല | 2-2 |
| 13 | കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതിലെ അപാകതകൾ | 2-3 |
| 14 | നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം | 2-4 |
| 15 | കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതിലെ അപാകതകൾ | 2-5 |
| 16 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-6 |

| | | |
|---|---|---|
| 17 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-7 |
| 18 | പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-8 |
| 19 | തൊഴിൽ നികുതി റിട്ടേണുകൾ സ്വീകരിക്കുന്നതിലെ അപാകതകൾ | 2-9 |
| 20 | വിമുക്തഭടന്മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-10 |
| 21 | ഡി.&ഒ. ലൈസൻസ് രജിസ്റ്ററിലെ അപാകതകൾ | 2-11 |
| 22 | തനതു ഫണ്ട് വിഭവ സമാഹരണത്തിൽ ഗ്രാമ പഞ്ചായത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല | 2-12 |
| | ഭാഗം 3 | |
| 23 | ചെർക്കള ടൗൺ -കാഞ്ഞങ്ങാട് റോഡിലെ മാലിന്യ നിക്ഷേപം തടയാൻ നടപടി സ്വീകരിക്കുന്നില്ല | 3-1 |
| 24 | ബയോഗ്യാസ്പ്ലാന്റ്-ബയോസിനേറ്റർ സ്ഥാപിക്കൽ -പദ്ധതി നടപ്പാക്കിയില്ല തുക തിരിച്ചടച്ചു | 3-2 |
| 25 | മാലിന്യ നിർമ്മാർജ്ജനം- തുക ചെലവഴിച്ചതിൽ അപാകതകൾ | 3-3 |
| 26 | ലൈബ്രേറിയൻ നിയമനം അപാകത | 3-4 |
| 27 | മുൻ സെക്രട്ടറിക്ക് യാത്രാബത്ത നൽകിയത് അപാകതകൾ | 3-5 |
| 28 | ജീവനക്കാർക്ക് യാത്രാബത്ത നൽകിയത് അപാകതകൾ | 3-6 |
| 29 | SSLC,+2 വിജയികൾക്ക് ഉപഹാരം നൽകിയത് അപാകതകൾ | 3-7 |
| 30 | ചെയ്യാത്ത ഇനം പ്രവൃത്തികൾക്ക് അളവ് രേഖപ്പെടുത്തി തുക നൽകിയത് അപാകതകൾ | 3-8 |
| 31 | VG30 ഗ്രേഡിലുള്ള ടാർ ഉപയോഗിച്ച് VG10 ഗ്രേഡിലുള്ള ടാറിന്റെ വില അനുവദിച്ചതിനാൽ നഷ്ടം | 3-9 |
| 32 | തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല- സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 3-10 |
| 33 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി- ആവശ്യകത നിർണ്ണയിച്ചിട്ടില്ല -മറ്റ് അപാകതകൾ | 3-11 |
| 34 | ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജിനത്തിൽ അധികനിരക്ക് നൽകിയത്-സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 3-12 |
| 35 | അങ്കണവാടി പോഷകാഹാര വിതരണം ഭക്ഷ്യവസ്തുക്കളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 3-13 |
| 36 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 3-14 |
| 37 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി മരുന്ന് ലഭ്യമാകുന്നതിൽ കാലതാമസം | 3-15 |
| 38 | ഭവന നിർമ്മാണ പദ്ധതികൾ നിരവധി വീടുകൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു | 3-16 |
| 39 | പട്ടിക ജാതി കോളനികളിൽ തെരുവ് വിളക്ക് സ്ഥാപിക്കൽ വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല 2,36,276 പാഴ്ചെലവ് | 3-17 |
| | ഭാഗം 4 | |
| 40 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് | 4-1 |

| | | |
|---|---|---|
| | വിനിയോഗം | |
| 41 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 42 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 43 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 44 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 45 | ഓഡിറ്റ് റിക്കവറി | 4-6 |
| 46 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 47 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 48 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28-03-2015 ലെ ഭരണസമിതി തീരുമാനം നമ്പർ 39/15 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് വിശദാംശം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 25,00,000 |
| വരവ് | 16,81,07,500 |
| ആകെ | 17,06,07,500 |
| ചെലവ് | 16,81,00,450 |
| നീക്കിയിരിപ്പ് | 25,07,050 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിന് ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 16-01-2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം1. ആയി ഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ സൂചിപ്പിച്ച ന്യൂനതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ ചുവടെ ചേർക്കുന്നു .

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-2016 |
|---|---|
| മുന്നിരിപ്പ് | 3,59,43,061 |
| വരവ് | 6,74,44,628 |
| ആകെ | 10,33,87,689 |
| ചെലവ് | 8,57,69,275 |
| നീക്കിയിരിപ്പ് | 1,76,18,414 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 8,94,142 | 53,51,902 | +1,16,66,079 | 1,79,12,123 | 1,79,12,123 | - |
| വികസനഫണ്ട് എസ്.സി.പി. | 20,03,271 | 27,82,241 | (-) 12,35,542 | 35,49,970 | 35,49,970 | - |
| വികസനഫണ്ട് ടി.എസ്.പി. | 8,60,045 | 15,90,000 | (-)2,55,045 | 21,95,000 | 21,95,000 | - |
| സംരക്ഷണഗ്രാന്റ് റോഡ് | 34,92,269 | 55,18,265 | +8,41,325 | 98,51,859 | 98,51,859 | - |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 19,78,576 | 22,58,921 | (-)8,41,325 | 33,96,172 | 33,96,172 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 27,98,739 | 1,10,35,854 | (-) 51,50,379 | 86,84,214 | 86,84,214 | - |
| പെർഫോമൻസ് ഗ്രാന്റ്(KLGSDP) | 55,23,533 | 27,75,966 | (-) 50,25,113 | 32,74,386 | 32,74,386 | - |
| ബി ഫണ്ട് | 0 | 3,34,76,826 | 0 | 3,34,76,826 | 3,34,76,826 | - |
| MGNREGA | 1,76,621 | 1,11,91,218 | 0 | 1,13,67,839 | 1,13,62,865 | 4974 |

(* . (GO(P) No.419/2015/Fin Dt.19-09-2015). )

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | നടപ്പാക്കിയത് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 390 | 232 | 15 | 158 | 93.53 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2015-16 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | 2015-16 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|---|

| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 30 | 98,04,573 | 21 | 83,68,060 | 85.34 |
| 2 | അസി.സെക്രട്ടറി | 13 | 65,36,288 | 12 | 41,08,211 | 62.85 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 306 | 6,49,30,804 | 164 | 3,61,20,564 | 55.62 |
| 4 | കൃഷി ഓഫീസർ. | 7 | 55,25,535 | 7 | 33,88,000 | 61.31 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 12 | 1,49,94,400 | 11 | 60,57,500 | 40.39 |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 2 | 41,45,800 | 2 | 41,45,790 | 99.99 |
| 7 | വെറ്റിനറി സർജ്ജൻ | 2 | 5,69,750 | 1 | 49,401 | 8.67 |
| 8 | മെഡിക്കൽ ഓഫീസർ, -പി.എച്ച്.സി. | 6 | 8,97,808 | 5 | 7,85,840 | 87.52 |
| 9 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം. | 1 | 1,00,000 | 1 | 1,00,000 | 100 |
| 10 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 1 | 1,50,000 | 1 | 1,50,000 | 100 |
| 11 | പ്രധാനാധ്യാപകൻ | 10 | 26,75,000 | 7 | 8,73,156 | 32.64 |
| | അകെ | 390 | 11,03,29,958 | 232 | 6,41,46,522 | 58.14 |

## 1-7 തനത് വരുമാനം.

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 14.37 % ശതമാനം കുറവാണ് ഉണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,07,89,335 | 98,33,156 | (-) 9,56,179 | (-) 8.86 |
| നികുതിയേതര വരവുകൾ | 34,29,842 | 22,16,382 | (-)12,13,460 | (-) 35.37 |
| മറ്റ് വരവുകൾ | 3,29,605 | 4,08,134 | (+) 78,529 | (+)23.82 |
| ആകെ | 1,45,48,782 | 1,24,57,672 | (-)20,91,110 | (-) 14.37 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമപദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 1,28,280 | 107 |
| കർഷക തൊഴിലാളി പെൻഷൻ | 15,68,160 | 231 |
| വിധവാ പെൻഷൻ | 1,50,16,320 | 1857 |
| വാർദ്ധക്യകാല പെൻഷൻ | 1,04,29,080 | 1714 |
| വികലാംഗ പെൻഷൻ | 53,40,585 | 726 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 2,00,000 | 30 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 6,90,000 | 23 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12-01-2017 ന് (4.30 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9,575രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമാക്കിയില്ല | ലഭ്യമാക്കിയില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.02.2011 | 2009-2010 മുതൽ 2010-2011 വരെ |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- തീർപ്പാക്കാൻ അവശേഷിക്കുന്ന അപാകതകൾ

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയും അനുബന്ധ രജിസ്റ്ററുകളുടെയും പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1)2014-15 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല

2)ഗ്രാമ പഞ്ചായത്തിലെ നിലവിലുള്ള മുഴുവൻ ആസ്തികളും മൂല്യനിർണ്ണയം ചെയ്ത് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്ന പ്രക്രിയ പൂർത്തിയായിട്ടില്ല. വർഷാന്ത്യത്തിൽ ആസ്തികളുടെ ഭൗതിക പരിശോധന, സ്റ്റോക്കിന്റെ ഭൗതിക പരിശോധന എന്നിവ നടത്തിയിട്ടില്ല.

3)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ

ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല.വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

5)താഴെപ്പറയുന്ന ട്രഷറി/ബാങ്ക് പാസ്സ് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല , ആയതിനാൽ RP-40(b) Bank-ലെ ഈ ഇനത്തിലെ കൃത്യത പരിശോധിച്ചിട്ടില്ല.

| സീ-നം | ട്രഷറി/ബാങ്ക്- പേര് | AFS പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| 1 | NMGB | 250 രൂപ |
| 2 | POST OFFICE. A/c | 11,810രൂപ |

6)ചെങ്കള SCB (Own fund) അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, ആയതിനാൽ RP-40(b) Bank-ലെ ഈ ഇനത്തിലെ കൃത്യത പരിശോധിച്ചിട്ടില്ല.

7)സാക്ഷരതാ പ്രേരകുമാർക്ക് ഓണററിയം നൽകുന്നതിനായി തനത് ഫണ്ടിൽ നിന്നും ചെലവിട്ട തുക ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയിട്ടില്ല.

8)ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

9)ഷെഡ്യൂൾ B-18 ൽ ഉൾപ്പെടുത്തിയ 14,73,592രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല..

10)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

## 2-2 വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തെ വാർഷികകണക്ക പ്രകാരം വസ്തുനികുതി ഇനത്തിൽ പിരിച്ചെടുക്കാനുള്ള തുകയും പിരിച്ചെടുത്ത തുകയും താഴെ കൊടുക്കുന്നു.

| ഇനം | പിരിച്ചെടുക്കാനുള്ള തുക | പിരിച്ചെടുത്ത തുക | പിരിവ് ശതമാനം |
|---|---|---|---|
| തൻവർഷം | 67,99,000 | 30,85,349 | 45.38 % |
| കുടിശ്ശിക | 22,83,999 | 13,24,616 | 57.99 % |

വസ്തുനികുതി പിരിച്ചെടുക്കാൻ ജീവനക്കാരെ വിന്യസിച്ചിട്ടും വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുത്തിട്ടില്ല. വസ്തുനികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതിനും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243 പ്രകാരം കുടിശ്ശിക തുക നഷ്ടപ്പെടാതിരിക്കാനും സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി 10/16.01.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വസ്തുനികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികളെകുറിച്ച് വിശദമായ മറുപടി സമർപ്പിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 10 /16.01.2017).

## 2-3 കെട്ടിട നിർമ്മാണ പെർമ്മിറ്റ് നല്കിയതിലെ അപാകത

ഓഡിറ്റ് വർഷം കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധനയിൽ താഴെ പറയുന്നവയ്ക്ക് കൂടുതൽ വിശദീകരണം ആവശ്യമാണ്.

പെർമ്മിറ്റ് നം-198/15-16 തീ-22.08.2015

ഉടമസ്ഥന്റെ പേര്- പി.കെ.ഹസൈനാർ, S/oഖാദർ ഹാജി,ചേരൂർ പി.ഒ.

കെട്ടിടത്തിന്റെ തരം- വാണിജ്യകെട്ടിടം

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | അളവ് | |
|---|---|---|
| BF | parking | 619.20 m2 |
| GF | 874.40m2 | |
| FF | 959.90m2 | |
| SF | 706.50m2 | |
| TF | 706.50m2 | |
| FF | 706.50m2 | |
| TERRACE | 31m2 | |
| TOTAL | 3984.80m2 | |

ഈ കെട്ടിടത്തിന്റെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു,

1)പെർമ്മിറ്റ് അംഗീകരിച്ച പ്ലാനുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2)തറവിസ്തീർണ്ണം കണക്കാക്കുമ്പോൾ KPBR Rule 8(a)(ii),8(b)(iii),8(c)(ii)എന്നിവ പ്രകാരം ഉൾപ്പെടുത്തേണ്ട എല്ലാ ഭാഗങ്ങളും ഉൾപ്പെടുത്തികാണുന്നില്ല. ഒഴിവാക്കിയ കെട്ടിട ഭാഗങ്ങൾ ഏതൊക്കെയാണെന്ന് പ്ലാനിൽ നിന്നും വ്യക്തമല്ല. Open വരാന്തയുടെ 50% തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു ആയത് ഉൾപ്പെടുത്തിയിട്ടില്ല. BF ഭാഗത്ത് stair case ഉണ്ട് ആയതിന്റെ തറവിസ്തീർണ്ണം കണക്കാക്കിയിട്ടില്ല.

3) KPBR Rule 58(1) പ്രകാരം 4000m2 മുകളിൽ തറവിസ്തീർണ്ണം വരുന്ന കെട്ടിടത്തിന്റെ ലേഔട്ടിന്റെയും പ്ലോട്ടിന്റെ ഉപയോഗത്തിന് വേണ്ടി ജില്ലാ ടൗൺപ്ലാനറുടെ അനുമതി വാങ്ങേണ്ടതായിരുന്നു.എന്നാൽ തറവിസ്തീർണ്ണത്തിൽ ഉൾപ്പെടുത്തേണ്ട പല ഭാഗങ്ങളും ഒഴിവാക്കി കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 3984.80m2 നിജപ്പെടുത്തിയാണ് പ്ലാൻ സമർപ്പിച്ചത് , ആയത് പരിശോധിക്കേണ്ട സാങ്കേതിക വിഭാഗം പരിശോധിച്ചതായി കാണുന്നില്ല.

4)സമർപ്പിച്ച പ്ലാനിൽ Plinth area കാണിച്ചിട്ടില്ല. സമർപ്പിച്ച പ്ലാൻ കൃത്യമായി പരിശോധിച്ചിട്ടില്ല.

5)Revised പ്ലാൻ സമർപ്പിച്ചത് 14.09.2015 -നാണ്, ആയത് അംഗീകരിച്ചത് 22.02.2016 നമാണ്, എന്നാൽ പെർമ്മിറ്റ്

നല്കിയിട്ടുള്ളത് 22.8.2015-നാണ് ആയത് വിശദീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 13 /16.01.2017).

## 2-4 നിർമ്മാണാനുമതി നൽകിയ കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരങ്ങൾ അവ്യക്തം.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷക്കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ ഒമ്പത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ X-A അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്.പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 4. അനുസരിച്ച് സാധുവായ പെർമിറ്റില്ലാതെ ഭൂവികസനം, കെട്ടിട നിർമാണം തുടങ്ങിയ പ്രവൃത്തികൾ നടത്താവുന്നതല്ല. സമയാസമയം നടപടികൾ കൈക്കൊള്ളുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച കാരണം കെട്ടിടങ്ങൾ ക്രമവത്കരണം നടത്തേണ്ടുന്ന പക്ഷം ആയിനത്തിലും, FAR നുള്ള അധിക ഫീസ്, അധിക പെർമിറ്റ് ഫീസ് തുടങ്ങിയ ഇനങ്ങളിലും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവാനിടയുണ്ട്.

## 2-5 കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ടുള്ള അപാകതകൾ.

ഗ്രാമ പഞ്ചായത്തിൽ കെട്ടിട നിർമ്മാണപെർമിറ്റ് നല്കുന്നതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്റർ പൂർണ്ണമായി പൂരിപ്പിക്കുന്നില്ല.

ഓഡിറ്റ് കാലയളവിലെ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിൽ പൂർത്തീകരണ തിയ്യതി (Date of Completion),അസ്സസ്സ്മെന്റ് നമ്പർ (Assesment no.), വസ്തു നികുതി (Property Tax) എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

2)റെഗുലറൈസേഷൻരജിസ്റ്റർ-സൂക്ഷിക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ 2011-ലെ കേ.പ.രാ. കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 134(3) പ്രകാരം അനുബന്ധം J മാതൃകയിലുള്ള റെഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3)പെർമിറ്റിനുള്ള അപേക്ഷയിൻമേൽ ചട്ടപ്രകാരമുള്ള സമയ പരിധിക്കകം തീർപ്പ് കല്പിക്കുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 14.പ്രകാരം, കെട്ടിട നിർമ്മാണം/മാറ്റം വരുത്തൽ/കൂട്ടിച്ചേർക്കൽ എന്നിവയ്ക്കായുള്ള അപേക്ഷ ലഭിച്ചതുമുതൽ 30 ദിവസത്തിനകം സൈറ്റുകളുടെയും പ്ലാനുകളുടെയും അംഗീകാരം/ നിരസിക്കൽ രേഖാമൂലം സെക്രട്ടറി അപേക്ഷകനു് നല്കേണ്ടതുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റ് റജിസ്റ്റർ പരിശോധിച്ചതിൽ മേൽ ചേർത്ത സമയ പരിധിപാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടു.

## 2-6 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്.

2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും,റിട്ടേൺസും,അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെപറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് ഉണ്ടായിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു

| ജീവനക്കാരന്റെ പേരും,<br>ഓന്നാം അർദ്ധ വർഷത്തെ റിട്ടേൺ പ്രകാരമുള്ള ആകെ ശമ്പളം | അർദ്ധവർഷത്തെ ആകെ വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|
| | | | | |

| | | | | |
|---|---|---|---|---|
| ശ്രീമതി.ബേബി സരോജ.പി<br>കുക്ക് ( മാർത്തോമ എച്ച്.എസ് ഫോർ ഡെഫ് )<br>അടിസ്ഥാന ശമ്പളം - 67,920<br>ക്ഷാമബത്ത - 55,694<br>ബോണസ് /ഉൽസവബത്ത - 2,400<br>ആകെ = 1,26,014 | 1,26,014/=2015-16 ഒന്നാം അർദ്ധ വർഷത്തെ | 1,000 (Rt.No.4113/ 04-09-2015) | 1,250 | 250 |
| ശ്രീമതി.സാറമ്മ.വി.ജെ<br>ആയ ( മാർത്തോമ എച്ച്.എസ് ഫോർ ഡെഫ് )<br>അടിസ്ഥാന ശമ്പളം - 67,920<br>ക്ഷാമബത്ത - 55,694<br>ബോണസ് /ഉൽസവബത്ത - 2,400<br>ആകെ = 1,26,014 | 1,26,014/=<br>2015-16ഒന്നാം അർദ്ധ വർഷത്തെ | 1,000 (Rt.No.4113/ 04-09-2015) | 1,250 | 250 |
| ശ്രീമതി.രമ.എം<br>ഒ.എ ( മാർത്തോമ എച്ച്.എസ് ഫോർ ഡെഫ് )<br>അടിസ്ഥാന ശമ്പളം - 67,920<br>ക്ഷാമബത്ത - 55,694<br>ബോണസ് /ഉൽസവബത്ത - 2,400<br>ആകെ = 1,26,014 | 1,26,014/=<br>2015-16ഒന്നാം അർദ്ധ വർഷത്തെ | 1,000<br>(Rt.No.4113/ 04-09-2015) | 1,250 | 250 |
| ശ്രീമതി.രഞ്ജിത എസ് കുമാരി<br>ക്ലർക്ക് ( പ്രിസിപ്പൽ അഗ്രിക്കൾച്ചർ ഓഫീസ്,കാസർഗോഡ് )<br>അടിസ്ഥാന ശമ്പളം - 53,760<br>ക്ഷാമബത്ത - 43,008<br>ബോണസ് /ഉൽസവബത്ത - 3,500<br>ആകെ = 1,00,268 | 1,00,268<br>2015-16ഒന്നാം അർദ്ധ വർഷത്തെ | 750<br>(Rt.0010/ 31-08-2015 ) | 1000 | 250 |
| ശ്രീ.ശ്രീജിത്ത് ബാബു.സി.കെ<br>ഒ.എ(ജി.എച്ച്.എസ്.എസ്.ചെർക്കള സെൻട്രൽ )<br>അടിസ്ഥാന ശമ്പളം - 58,140 | 1,26,756<br>2015-16ഒന്നാം അർദ്ധ വർഷത്തെ | 1,000 (Rt.No.11501103828/ 25-08-15) | 1,250 | 250 |

| | | | | |
|---|---|---|---|---|
| ക്ഷാമബത്ത - 47,674<br>ബോണസ് /ഉൽസവബത്ത - 3,500<br>ലീവ് സറണ്ടർ - 17,442<br>ആകെ = 1,26,756 | | | | |
| ശ്രീ.അബ്ദുൾ റഹിമാൻ.എ<br>ഇലക്ട്രിസിറ്റി വർക്കർ ( അസിസ്റ്റന്റ് എഞ്ചിനീയർ ,110 KV സബ്സ്റ്റേഷൻ,കാസർഗോഡ്)<br>അർദ്ധ വർഷത്തെ<br>ആകെ വരുമാനം = 1,25,000 | 1,25,000<br>2015-16രണ്ടാം അർദ്ധ വർഷത്തെ | 1,000<br>(Rt.No.109858/ 09-03-2016 ) | 1,250 | 250 |
| ശ്രീ.സുരേഷ് ചേന്തട്ട<br>ഇലക്ട്രിസിറ്റി വർക്കർ ( അസിസ്റ്റന്റ് എഞ്ചിനീയർ ,110 KV സബ്സ്റ്റേഷൻ,കാസർഗോഡ്)<br>അർദ്ധ വർഷത്തെ<br>ആകെ വരുമാനം = 1,25,000 | 1,25,000<br>2015-16രണ്ടാം അർദ്ധ വർഷത്തെ | 1,000<br>(Rt.No.109858/ 09-03-2016 ) | 1,250 | 250 |
| ആകെ | | | | 1,750 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വരുവാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 6/തീയ്യതി -16-01-2017 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്ന ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കുറവ് വന്ന 1,750/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 6/തീയ്യതി -16-01-2017)

## 2-7 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും / തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ അർദ്ധ വാർഷിക ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപനം അവയുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | ഇ.കെ.നായനാർ മെമ്മോറിയൽ കോപ്പറേറ്റീവ് ഹോസ്പ്പിറ്റൽ | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | ആപ്കോ വെഹിക്കിൾ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഇന്ദിര നഗർ, കാസർഗോഡ് | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | ആപ്കോ ഓട്ടോമൊബൈയിൽ പ്രൈവറ്റ് ലിമിറ്റഡ്, സിറ്റിസൺ നഗർ, കാസർഗോഡ് | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | സിഗ്നേച്ചർ ഹോണ്ട പ്രൈവറ്റ് ലിമിറ്റഡ്, സന്തോഷ് നഗർ, കാസർഗോഡ് | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | ഇൻഡസ് മോട്ടോർ പ്രൈവറ്റ് ലിമിറ്റഡ് | 2015-16ഒന്നാം അർദ്ധവർഷം |

| | | |
|---|---|---|
| 6 | സൗത്ത് ഇന്ത്യൻ ബാങ്ക്, ചെർക്കള | 2015-16രണ്ടാം അർദ്ധവർഷം |
| 7 | കാസർഗോഡ് താലൂക്ക് പബ്ലിക്ക് സർവന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2015-16രണ്ടാം അർദ്ധവർഷം |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കാത്തതിനുള്ള സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 6/തീയ്യതി -16-01-2017 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്ന ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 2-8 പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ഓഡിറ്റ് വർഷത്തെ പഞ്ചായത്തിലെ വിവിധ ടെണ്ടർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുകയും, ഗ്രാമ പഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്തവരുമായ താഴെ പറയുന്ന കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | കോൺട്രാക്ടറുടെ പേര് | സ്ഥാപന തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|
| 1 | സിറാജുദീൻ.കെ,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ജുമ മസ്ജിദ് റോഡ്,<br>ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 2 | മൊയ്തീൻ കുഞ്ഞി,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 3 | കെ.മുഹമ്മദ്,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>കനിയഡുക്ക | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 4 | ജാസീർ.സി.എ,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>കലന്തർ മൻസിൽ | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 5 | ബി.എം.അബ്ദുള്ള,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 6 | കെ.അബ്ദുള്ള കുഞ്ഞി,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 7 | മുഹമ്മദ് യുനൈസ്.സി.എ,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>നിഹ് മത്ത് മൻസിൽ<br>ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 8 | സി.എച്ച്.ഇക്ബാൽ,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 9 | ഷെരീഫ് .പി,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>നെക്രജെ | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 10 | അബ്ദുൾ റഹ്മാൻ.സി,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>കോളിക്കട്ട ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 11 | സി.എച്ച്.ബി.അഹമ്മദ്,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 12 | എം.അബൂബക്കർ,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>സ്റ്റാർ നഗർ തെക്കിൽ ഫെറി | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 13 | സഫ്വാൻ.സി,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>സി.എം.ഹൗസ്സ്<br>ബാലഡുക്ക- ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 14 | മുഹമ്മദ് കുഞ്ഞി,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ബെർക്ക, ചെങ്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 15 | എ.ആമു,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ബെർക്ക, ചെങ്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |
| 16 | സി.കെ.അബ്ദുൾ കാദർ,<br>പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ,<br>ചെർക്കള | 2015-16ഒന്നും,രണ്ടും അർദ്ധവർഷം |

മേൽ പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിനുള്ള സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 6/തീയ്യതി -16-01-2017 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്ന ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽപറഞ്ഞ കരാറുകാരിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 <u>തൊഴിൽ നികുതി റിട്ടേണുകൾ സ്വീകരിക്കുന്നതിലെ അപാകതകൾ.</u>

2015-16 സാമ്പത്തിക വർഷത്തിൽ ചില സ്ഥാപനങ്ങൾ തൊഴിൽ റിട്ടേണുകൾ നിശ്ചിത മാതൃകയിലല്ല സമർപ്പിച്ചിരിക്കുന്നത്. ഓരോ ജീവനക്കാരന്റെയും അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിങ്ങനെയുള്ള ആകെ വരുമാനത്തിന്റെ പൂർണ്ണ വിവരങ്ങൾ റിട്ടേണിൽ എഴുതിയിട്ടില്ല. ആയതിനാൽ ജീവനക്കാരിൽ നിന്നും യഥാർത്ഥത്തിൽ ഈടാക്കേണ്ട നികുതിയുടെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല. ഏതാനും ചില സ്ഥാപനങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | എൻ.പി.ആർ.പി.ഡി.ഓഫീസ്,കാസർഗോഡ് |
| 2 | ജില്ലാ സ്പോർട്സ് കൗൺസിൽ,കാസർഗോഡ് |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ, 110 KV സബ്സ്റ്റേഷൻ,കാസർഗോഡ് |
| 4 | ജില്ലാ ശുചിത്വ മിഷൻ,കാസർഗോഡ് |
| 5 | ഇലക്ട്രിക്കൽ സെക്ഷൻ,ചെർക്കള |

മേൽ അപാകതയുള്ള സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 6/തീയ്യതി -16-01-2017 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്ന ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. റിട്ടേണുകൾ പഞ്ചായത്തിൽ സ്വീകരിക്കുമ്പോൾ മുഴുവൻ വിവരങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പ് വരുത്തേണ്ടതാണ്.

## 2-10 വിമുക്ത ഭടൻമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ, അവർ വിമുക്ത ഭടൻമാരെന്നുള്ള കാരണം കാണിച്ച് തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രജിസ്റ്റർ പ്രകാരം ക്രമനമ്പർ/ അർദ്ധ വർഷം | ജീവനക്കാരന്റെ പേര്/ ഉദ്യോഗ പേര് | ഓഫീസിന്റെ പേര് |
|---|---|---|---|
| 1 | 402015-16 ഒന്നും,രണ്ടും അർദ്ധ വർഷം | ശ്രീ.വിജയൻ.എം, ഡ്രൈവർ SCPO1437 | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,കാസർഗോഡ് |
| 2 | 40 2015-16 ഒന്നും,രണ്ടും അർദ്ധ വർഷം | ശ്രീ.കൃഷ്ണൻ.എം, ഡ്രൈവർ SCPO1468 | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,കാസർഗോഡ് |
| 3 | 93 2015-16 ഒന്നും,രണ്ടും അർദ്ധ വർഷം | ശ്രീ.ഷൈജു ജോസഫ്, സീനിയർ ടാക്സ് അസിസ്റ്റന്റ് | ഇൻകം ടാക്സ് ഓഫീസ് , കാസർഗോഡ് |
| 4 | 93 2015-16 രണ്ടാം അർദ്ധ വർഷം | ശ്രീ.വിനോദ് ബാബു.ബി, ടാക്സ് അസിസ്റ്റന്റ് | ഇൻകം ടാക്സ് ഓഫീസ് , കാസർഗോഡ് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിനുള്ള സാഹചര്യം വിശദീകരിക്കുന്നതിനുവേണ്ടി ഓഡിറ്റ് എൻക്വയറി നമ്പർ 6/തീയ്യതി -16-01-2017 പ്രകാരം സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്ന ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിമുക്ത ഭടൻമാരെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കികൊണ്ടുള്ള സർക്കാർ ഉത്തരവുകൾ ഇല്ലാത്തതിനാൽ പ്രസ്തുത ജീവനക്കാരുടെ രണ്ട് അർദ്ധ വർഷങ്ങളിലെയും വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 6/തീയ്യതി -16-01-2017)

## 2-11 ഡി. & ഒ. ലൈസൻസ് രജിസ്റ്ററിലെ അപാകതകൾ.

2015-16 വർഷത്തെ ഡി. & ഒ. ലൈസൻസ് രജിസ്റ്റർ, ട്രേഡേസ് തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ഡി. & ഒ. ലൈസൻസ് ഫീസ്, ട്രേഡേസ് തൊഴിൽ നികുതി എന്നീ ഇനങ്ങളിലെ ആകെ ഡിമാന്റ്, കലക്ഷൻ,ബാലൻസ് തുക എന്നിവയുടെ സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല. മേൽ വരവിന്റെ ഡിമാന്റ്, കലക്ഷൻ,ബാലൻസ് തുകകൾ എഴുതി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി രജിസ്റ്റർ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-12 തനതുവിഭവ സമാഹരണത്തിൽ ഗ്രാമപഞ്ചായത്ത് വേണ്ടത്ര രീതിയിൽ ശ്രദ്ധ

ചെലവുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പ്രധാനവരുമാനങ്ങളിൽ ഒന്നാണ് നികുതിയും, നികുതിയേതര വരുമാനവും ഉൾപ്പെടുന്ന തനതു ഫണ്ട്. മറ്റു ഗ്രാന്റുകളെ അപേക്ഷിച്ച് സ്വന്തം നിലക്ക് ഗ്രാമപഞ്ചായത്തിന് ഉപയോഗിക്കാൻ കഴിക്കുന്നതും, ശമ്പളം ഉൾപ്പെടെയുള്ള അനിവാര്യ ചെലവുകൾ നിർവ്വഹിക്കേണ്ടതും ഈ തനതുവരുമാനത്തിൽ നിന്നാണ്. ഇതിന്റെ കുറവ് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതും സർക്കാരിന്റെ ഗ്രാന്റുകളെ പരിധിയിൽ കൂടുതൽ ആശ്രയിക്കാൻ കാരണമാകുകയും ചെയ്യും. അതിനാൽ തനതുവരുമാനത്തിന്റെ പരമാവധി സമാഹരണം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളുടെ ആക്കം കൂട്ടുകയും ആ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ വികസനത്തിൽ മുതൽ കൂട്ടാവുകയും ചെയ്യും.

ഗ്രാമപഞ്ചായത്തിന്റെ തനതു വിഭവ സമാഹരണത്തിലെ പുരോഗതി സംബന്ധിച്ച കണ്ടെത്തിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

I- നികുതി വരുമാനം.

സർക്കാർ നിയമം മൂലം പിരിച്ചെടുക്കാൻ അനുവദിച്ചിട്ടുള്ള നികുതികൾ ആണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിന്റെ കാര്യക്ഷമമായ പിരിവ് തനതുവരുമാനത്തിന്റെ അളവ് വദ്ധിപ്പിക്കുകയും വികസപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുകയും ചെയ്യും. താഴെ പറയുന്നവയാണ് പ്രധാന നികുതികൾ.

i) വസ്തു നികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 എ (എ) i പ്രകാരം നികുതി നിരക്കുകൾ നിർണ്ണയിക്കാനുള്ള അധികാരം സ്റ്റാൻഡിംഗ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കും, ചുമത്താനുള്ള അധികാരം സെക്രട്ടറിക്കുമാണ്. (വകുപ്പ്- 276 (i)) ഇതുപ്രകാരം തൻവർഷം ചുമത്തിയതും ഈടാക്കാനുള്ളതുമായ വസ്തുനികുതി ഇവയാണ്(AFS പ്രകാരം).

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| വസ്തുനികുതി | 67,99,000 | 30,85,349 |

ഡിമാന്റ് ചെയ്തതിൽ 37,13,651രൂപ കുറവായിട്ടാണ് തൻവർഷം ഈടാക്കിയത്. ഈടാക്കിയത് 45.38 % മാത്രമാണ്. അരിയർ ഇനത്തിൽ 13,24,616രൂപയാണ് ഈടാക്കിയത് 9,59,383.05 രൂപ ഈ ഇനത്തിലും ഈടാക്കാൻ ബാക്കിയുണ്ട്. 2015-16 വർഷം 46,73,034.05 രൂപയാണ് വസ്തു നികുതിയിനത്തിലെകുടിശ്ശിക. ഗ്രാമപഞ്ചായത്തിൽ ക്ലറിക്കൽ വിഭാഗത്തിൽ ക്ലർക്കുമാർ ഉണ്ടായിട്ടും മുഴുവൻ പിരിച്ചെടുക്കാത്തത് ആശാസ്യമല്ല.

ii) കെട്ടിടനികുതിയിൻമേൽ സർചാർജ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 208 പ്രകാരം ഏതെങ്കിലും പദ്ധതിക്കോ പ്ലാനിനോ ചെലവഴിച്ച അസാധരണ ചെലവ് നികത്താൻ കെട്ടിടനികുതിയിൻമേൽ 5% സർച്ചാർജ് ചുമത്താം. പഞ്ചായത്ത് പ്രദേശത്ത് ഭാഗികമായോ മുഴുവനായോ ഒരു നിർദ്ദിഷ്ട കാലത്തേക്ക് ഈടാക്കാം.

iii) സേവനനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200 (2); 1995ലെ കേരള പഞ്ചായത്ത് രാജ് സേവനനികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിലെ കെട്ടിടങ്ങളുടെയോ, വസ്തുക്കളുടെയോ വാർഷിക മൂല്യത്തിന്റേയോ നിശ്ചിത വരുമാനം സേവനനികുതിയായി ഈടാക്കാവുന്നതാണ്. ശുചിത്വപരിപാലനത്തിന് 1% ലും, ജലവിതരണത്തിന് 2% ലും തെരുവ് വിളക്ക് കത്തിക്കുന്നതിന് 2% ത്തിലും ഡ്രൈനേജ്, സ്കാവഞ്ചിംഗ് എന്നിവക്ക് 1% ത്തിലും അധികരിക്കാതെ സേവനനികുതി ഈടാക്കാം.എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ സേവനനികുതി ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

iv) തൊഴിൽനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 (1); 1995ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ അവരിൽ നിന്ന് തൊഴിൽനികുതി ഈടാക്കാം. ഇത്തരത്തിൽ ഗ്രാമപഞ്ചായത്ത് ഈടാക്കിയ തൊഴിൽനികുതിയുടെ

കണക്ക് താഴെ :-

| ഇനം | ഡിമാന്റ് തുക | കലക്ഷൻ തുക |
|---|---|---|
| തൊഴിൽ നികുതി- ജീവനക്കാർ | 49,29,453 | 49,29,453 |
| തൊഴിൽ നികുതി- വ്യാപാരികൾ | 4,62,956 | 3,80,080 |
| ആകെ | 53,92,409 | 53,09,533 |

ഡി. & ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം 413 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇവരിൽ നിന്നെല്ലാം തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ വ്യാപാരികളുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിനെക്കാളും 82,876 രൂപ കുറവായാണ് തൻ വർഷം ഈടാക്കിയത്. ലൈസൻസ് എടുക്കാത്ത വ്യാപാരികളെ എല്ലാവരേയും ലൈസൻസിൽ ഉൾപ്പെടുത്തി തൊഴിൽനികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

v) പ്രദർശന നികുതി

1995 ലെ കേരള പഞ്ചായത്ത് രാജ് (പ്രദർശന നികുതി ചുമത്തലും ഈടാക്കലും ) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ നടത്തുന്ന സിനിമ, നൃത്തം, നാടകം, സർക്കസ് എന്നിവയുടെ ഓരോ പ്രദർശനത്തിനായും നികുതി ചുമത്താവുന്നതാണ്. എന്നാൽ ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം 500 രൂപയുടെ വരവുമാത്രമെയുള്ളൂ.

vi) പരസ്യനികുതി

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ ചുവരിൻമേലോ പരസ്യപ്പലകയിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം ഏതെങ്കിലും തരത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുന്ന ഏതൊരാളും ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നികുതി ഗ്രാമപഞ്ചായത്തിൽ കൊടുക്കേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഇതു സംബന്ധിച്ച വരവ് ഉണ്ടായിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച് ബൈലോ തയ്യാറാക്കുകയോ അതിന് അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

II നികുതിയേതര വരുമാനം.

ഗ്രാമപഞ്ചായത്തിൽ നികുതിവരുമാനം പോലെ തന്നെ പ്രധാനപ്പെട്ടതാണ്. ഫീസ് & യൂസർ ചാർജസിൽ നിന്നാണ് ഇത് ഈടാക്കുന്നത്. പ്രധാനമായും, ഡി. & ഒ. ലൈസൻസ്, സർട്ടിഫിക്കറ്റ് ഫീസുകൾ എന്നിവയാണ് ഈ ഇനത്തിലുള്ള വരവ്.

1) ഡി. & ഒ. ലൈസൻസ്

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ (3) പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പട്ടിക I പ്രകാരമുള്ള ഏതൊരു സ്ഥാപനവും, കൂടാതെ റസ്റ്റോറന്റുകൾ, ഭക്ഷണശാലകൾ, ഹോട്ടലുകൾ, കാപ്പിക്കടകൾ, ചായക്കടകൾ, എന്നിവയോ ബാർബർ ഷോപ്പുകളോ നടത്തുന്നതിനും, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിൽ നിന്നുമുള്ള അനുമതിപത്രം വാങ്ങേണ്ടതാണ്. ഇതിന് ചട്ടം (7) പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്.

2015-16 വർഷം 413 സ്ഥാപനങ്ങൾ മാത്രമാണ് ഇത്തരത്തിൽ ലൈസൻസ് കൈപ്പറ്റിയത്. ചട്ടം (10) പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിനു 30 ദിവസം മുമ്പായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും, പുതിയ സ്ഥാപനങ്ങൾ ആണെങ്കിൽ ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായും ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.എന്നാൽ നിയമം അനുസരിച്ച് ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങൾ 43 എണ്ണം മാത്രമേ ഉള്ളൂ. ബാക്കി സ്ഥാപനങ്ങൾ സാമ്പത്തിക വർഷം തുടങ്ങിയതിനു ശേഷമാണ് പുതുക്കൽ ആരംഭിച്ചത്. ഏപ്രിൽ ഒന്നിനു ശേഷം പ്രവർത്തിച്ച ഈ സ്ഥാപനങ്ങൾ നിയമപ്രകാരമല്ല പ്രവർത്തനം നടത്തിയത്. 413സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തത്. എല്ലാ സ്ഥാപനങ്ങളേയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ വരുമാനം

വർദ്ധിപ്പിക്കേണ്ടതുമാണ്.

തനതുത് ഫണ്ട് വർദ്ധിപ്പിക്കാൻ നിരവധി സാഹചര്യങ്ങൾ ഉണ്ടായിട്ടും അതിന് നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ചെർക്കള ടൗൺ-കാഞ്ഞങ്ങാട് റോഡിൽ മാലിന്യനിക്ഷേപം തടയാൻ നടപടി സ്വീകരിക്കണം.

വൗച്ചർ നം.21500157/26.05.15 – 16,000/-

വൗച്ചർ നം.21500399/21.08.15 – 15,000/-

വൗച്ചർ നം.21500703/30.12.15 – 9,950/-

ചെർക്കള ടൗണിൽ കാഞ്ഞങ്ങാട് ഭാഗത്തേക്ക് പോകുന്ന റോഡിൽ നിക്ഷേപിക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് മേൽ വൗച്ചറുകൾ പ്രകാരം 40,950/- രൂപ ചെലവഴിച്ചിട്ടുണ്ട്. ചെർക്കള ടൗണിൽ കാഞ്ഞങ്ങാട് ഭാഗത്തേക്ക് പോകുന്ന റോഡിൽ മാലിന്യം നിക്ഷേപം നീക്കുവാൻ തനത് ഫണ്ടിൽ നിന്നും മുൻവർഷങ്ങളിലും ധാരാളം തുക ചെലവഴിച്ചിട്ടുണ്ട്. ഈ ഭാഗത്ത് മാലിന്യം നിക്ഷേപിക്കുന്നത് പതിവാണ്. പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നത് നിയമം മൂലം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. എന്നിട്ടും ഈ ഭാഗത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തുടരുമ്പോൾ മാലിന്യം നിക്ഷേപിക്കുന്നത് തടയുകയും, നിക്ഷേപിക്കുന്നവരെ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതിന് പകരം മാലിന്യം നിക്ഷേപിക്കുന്നവരെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് ശുചിത്വ കേരളം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുന്ന നമ്മുടെ നാട്ടിൽ ആശാവഹമല്ല. അതിനാൽ ഈ പ്രദേശത്ത് മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-2 ബയോഗ്യാസ് പ്ലാന്റ്, ബയോസിനേറ്റർ സ്ഥാപിക്കൽ പദ്ധതി- പദ്ധതി നടപ്പിലാക്കിയില്ല, തുക തിരിച്ചടച്ചു.

വൗച്ചർ നം.21500137/18.05.15 – 6,00,000/-

കാസറഗോഡ് ബ്ലോക്ക് പഞ്ചായത്തിന്റെ 2011-12 സാമ്പത്തിക വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട പ്രൊജക്ട് നം.08/12, ചെങ്കള ഗ്രാമപഞ്ചായത്തിൽ ബയോഗ്യാസ് പ്ലാന്റ്, ബയോസിനേറ്റർ എന്നിവ സ്ഥാപിക്കൽ എന്ന സംയുക്ത പദ്ധതി നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ഡിഡി നം.670798/27.03.12 പ്രകാരം 6,00,000/- രൂപ നൽകിയിരുന്നു. ഈ പദ്ധതി നടപ്പിലാക്കാത്തതിനാൽ 2015-16 വർഷത്തിൽ 6,00,000/- രൂപ ഡിഡി. നം. 480787/18.05.2015 പ്രകാരം തിരിച്ചടച്ചു. മാലിന്യപ്രശ്നം രൂക്ഷമായി നിലനിൽക്കുന്ന ഗ്രാമപഞ്ചായത്തിൽ ശാശ്വതമായി മാലിന്യനിർമ്മാർജ്ജനത്തിനായുള്ള ഒരു പദ്ധതിക്ക് വേണ്ടി ലഭിച്ച തുക ഗ്രാമപഞ്ചായത്തിന്റെ വീഴ്ച കൊണ്ടാണ് തിരികെ അടക്കേണ്ടി വന്നത് എന്നാണ് ഓഡിറ്റിന്റെ വിലയിരുത്തൽ. മാലിന്യനിർമ്മാർജ്ജനത്തിനായി തനത് ഫണ്ടിൽ നിന്നും ഓരോ വർഷവും വൻതുകയാണ് ചെലവഴിച്ച് വരുന്നത്. അതിനാൽ മാലിന്യനിർമ്മാർജ്ജനത്തിന് ഇത്തരം ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും, വരും വർഷങ്ങളിൽ മറ്റ് സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന ഫണ്ട് ഫലപ്രദമായി ഉപയോഗപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 3-3 ചെങ്കള ഗ്രാമ പഞ്ചായത്ത് -മാലിന്യനിർമ്മാർജ്ജനം തുക ചെലവഴിച്ചത് - അപാകത

2015-16 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മാലിന്യങ്ങൾ നീക്കം ചെയ്യുതിനും, ശുചീകരണ പ്രവൃത്തികൾക്കും താഴെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | ചെക്ക് നം./ തിയ്യതി | പ്രവൃത്തിയുടെ വിവരം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 21500055/24.04.15 | 6,300 | 5857/24.04.15 | ചെർക്കള ടൗൺ ശുചീകരണം |
| 2 | 21500293/03.07.15 | 8,100 | 5916/03.07.15 | ഗ്രാമപഞ്ചായത്ത് പരിസരം |
| 3 | 21500307/08.07.15 | 9,900 | 5923/08.07.15 | 12-ാം വാർഡ് ശുചീകരണം |
| 4 | 21500325/16.07.15 | 8,820 | 5930/16.07.15 | കളക്ടറേറ്റ് പരിസരം ശുചീകരണം |
| 5 | 21500329/21.07.15 | 7,560 | 5931/21.07.15 | ചെർക്കള ടൗൺ ശുചീകരണം |
| 6 | 21500385/07.08.15 | 3,560 | 5948/07.08.15 | ഗ്രാമപഞ്ചായത്ത് പരിസരം |
| 7 | 21500431/11.09.15 | 5,400 | 5969/11.09.15 | ഗ്രാമപഞ്ചായത്ത് പരിസരം |
| 8 | 21500453/25.09.15 | 16,200 | 5962/25.09.15 | കളക്ടർ ക്യാമ്പ് ഓഫീസ്,കളക്ടറേറ്റ് പരിസരം ശുചീകരണം |
| 9 | 21500462/25.09.15 | 8,100 | 5980/25.09.15 | ചെർക്കള ടൗൺ ശുചീകരണം |
| 10 | 21500441/16.09.15 | 8,100 | 5975/16.09.15 | കളക്ടറേറ്റ് പരിസരം ശുചീകരണം |
| 11 | 21500477/29.09.15 | 5,400 | 5980/29.09.15 | നായൻമാർമൂല ടൗൺ ശുചീകരണം |
| 12 | 21500504/27.10.15 | 7,650 | 5995/27.10.15 | ആലമ്പാടി ടൗൺ ശുചീകരണം |
| 13 | 21500505/27.10.15 | 5,400 | 5995/27.10.15 | കൊളിയടുക്കം ചെർക്കള റോഡ് ശുചീകരണം |
| 14 | 21500506/27.10.15 | 5,400 | 5995/27.10.15 | നാരമ്പാടി ടൗൺ ശുചീകരണം |
| 15 | 21500631/25.11.15 | 4,500 | 7030/25.11.15 | ഹോമിയോ ആശുപത്രി പരിസരം ശുചീകരണം |
| 16 | 21500691/22.12.15 | 5,850 | 7034/22.12.15 | ഗ്രാമപഞ്ചായത്ത് പരിസരം |
| 17 | 21500703/30.12.15 | 9,950 | 7038/29.12.15 | ചെർക്കള ടൗൺ ശുചീകരണം |
| 18 | 21500729/04.01.16 | 14,100 | 7045/04.01.16 | ചെർക്കള പാടി ഡ്രെയിനേജ് ശുചീകരണം |
| 19 | 21500764/08.01.16 | 9,000 | 7053/08.01.16 | കളക്ടറേറ്റ് പരിസരം ശുചീകരണം |
| 20 | 2150088904.02.16 | 5,850 | 7080/04.02.16 | ഗ്രാമപഞ്ചായത്ത് പരിസരം |
| 21 | 21500891/06.02.16 | 5,850 | 7084/06.02.16 | നെല്ലിക്കട്ട ടൗൺ ശുചീകരണം |
| 22 | 21500251/26.06.15 | 7,920 | 7090/26.06.15 | കളക്ടറേറ്റ് പരിസരം ശുചീകരണം |
| | ആകെ | 1,68,910/- | | |

മേൽവിവരിച്ച പ്രകാരം ആകെ 1,68,910/- രൂപ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾക്ക് ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്കെല്ലാം തുക നൽകിയിരിക്കുന്നത് ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെയാണ്. മസ്റ്റർ റോൾ, വാർഡ് മെമ്പറുടെ കത്ത് എന്നിവ മാത്രം അടിസ്ഥാനമാക്കിയാണ് തുക ചെലവഴിച്ചത്. ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്താതെ തുക ചെലവഴിച്ചതിന് ഓഡിറ്റ് എൻക്വയറി നം.05/തീയ്യതി 13.01.2017പ്രകാരം വിശദീകരണം ചോദിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികൾക്ക് ചെലവഴിച്ച ആകെ 1,68,910/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ചെങ്കള ഗ്രാമ പഞ്ചായത്ത് -ലൈബ്രേറിയൻ നിയമനം - അപാകത

ഗ്രാമ പഞ്ചായത്തിൽ പുതുതായി ആരംഭിച്ച സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സ്മാരക ലൈബ്രറിയിൽ ലൈബ്രേറിയനായി ശ്രീ.മൊയ്തീൻ കുഞ്ഞി ചെർക്കള എന്നവരെ നിയമിക്കുകയും അദ്ദേഹത്തിന് 2015 സെപ്റ്റംബർ മുതൽ 2016 ഫെബ്രുവരി വരെയുള്ള മാസങ്ങളിലെ വേതനം നൽകാനായി താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം ആകെ 25,800/-രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | മാസം | തുക | ചെക്ക് നം./ തിയ്യതി |
|---|---|---|---|---|
| 1 | 21500569/17.11.15 | 09/2015 | 3,200/- | 7003/17.11.15 |
| 2 | -do- | 10/2015 | 4,400/- | -do- |
| 3 | 21500661/02.12.15 | 11/2015 | 4,400/- | 7018/02.12.15 |
| 4 | 21500820/02.02.16 | 12/2015 | 4,600/- | 7062/02.02.16 |
| 5 | -do- | 01/2016 | 4,400/- | -do- |
| 6 | 21500927/19.03.16 | 02/16 | 4,800/- | 7091/19.03.16 |
| | | ആകെ | 25,800 | |

ലൈബ്രേറിയനായി നിയമനം നൽകുവാൻ ലൈബ്രറി കൗൺസിൽ അല്ലെങ്കിൽ മറ്റ് സ്ഥാപനങ്ങൾ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം. ശ്രീ.മൊയ്തീൻ കുഞ്ഞി ചെർക്കള എന്നവർക്ക് ഭരണസമിതി തീരുമാനം നമ്പർ 88/15(19), തിയ്യതി 01.09.2015 പ്രകാരമാണ് നിയമനം നൽകിയത്, പക്ഷെ ഈ നിയമനം നടത്തിയത് നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചത്, ലഭിച്ച അപേക്ഷകൾ, അപേക്ഷകരുടെ യോഗ്യത സംബന്ധിച്ച വിവരങ്ങൾ, അഭിമുഖം നടത്തിയത്, ലൈബ്രേറിയനെ തെരെഞ്ഞെടുത്തതിന്റെ വിവരം എന്നിവയും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.02/13.01.2017 പ്രകാരം ഈ രേഖകൾ ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകിയിട്ടില്ല. നിശ്ചിത യോഗ്യതയുടെ അടിസ്ഥാനത്തിലല്ല നിയമനം നടത്തിയതെങ്കിൽ ചെലവ് തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്. ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക 25,800/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-5 മുൻ സെക്രട്ടറിക്ക് യാത്രാബത്ത നൽകിയത് -അപാകത

വൗച്ചർ നം.21500519/28.10.15 – 64,382/- ചെക്ക് നം.5985/28.10.15

മേൽ വൗച്ചർ പ്രകാരം മുൻ സെക്രട്ടറി ശ്രീ.ജയൻ എന്നവരുടെ 2012 ജൂൺ മുതൽ 2014 നവമ്പർ വരെയുള്ള 29 മാസത്തെ യാത്രാബത്ത നൽകുന്നതിന് ആകെ 64382/- രൂപ താഴെപ്പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| മാസം | തുക | മാസം | തുക |
|---|---|---|---|
| 06/12 | 3,832 | 10/13 | 1,226 |
| 07/12 | 1,682 | 11/13 | 800 |

| | | | |
|---|---|---|---|
| 08/12 | 1,000 | 12/13 | 800 |
| 09/12 | 1,000 | 01/14 | 3,102 |
| 10/12 | 1,000 | 02/14 | 4,573 |
| 11/12 | 2,750 | 03/14 | 1,000 |
| 12/12 | 1,000 | 04/14 | 1,682 |
| 02/13 | 2,108 | 05/14 | 4,237 |
| 03/13 | 1,000 | 06/14 | 3,152 |
| 04/13 | 1,782 | 07/14 | 5,470 |
| 05/13 | 800 | 08/14 | 2525 |
| 06/13 | 2,750 | 09/14 | 5,626 |
| 07/13 | 800 | 10/14 | 2,525 |
| 08/13 | 800 | 11/14 | 4,560 |
| 09/13 | 800 | | |
| ആകെ | 23,104 | ആകെ | 41,278 |

കേരളാ ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(d),56(a) എന്നിവ പ്രകാരം യാത്രാബത്ത ക്ലെയിമിന്റെ കാലാവധി 2 വർഷമാണ്. ഈ പരിധി കഴിഞ്ഞാൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതിയോട് കൂടി മാത്രമെ യാത്രാബത്ത ക്ലെയിം ചെയ്യാൻ കഴിയൂ. ഇവിടെ 2012 ജൂൺ മുതൽ 2013 സെപ്തംബർ വരെയുള്ള 15 മാസത്തെ യാത്രാബത്ത 23,104/- രൂപയുടെ ക്ലെയിം രണ്ട് വർഷം കാലാവധി കഴിഞ്ഞതാണ്. ഇതിന് സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.03/തീയ്യതി 13.01.2017 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ആകെ 23,104/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-6 ജീവനക്കാർക്ക് യാത്രാബത്ത നൽകിയത് -അപാകത

വൗച്ചർ നം.21500520/28.10.15 – 25,529/- ചെക്ക് നം.5985/28.10.15

മേൽ വൗച്ചർ പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ 2014 ഫെബ്രുവരി മുതൽ 2014 സെപ്തംബർ വരെയുള്ള 8 മാസത്തെ യാത്രാബത്ത നൽകുന്നതിന് ആകെ 25,529/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരളാ സർവ്വീസ് റൂൾ പാർട്ട് 2, യാത്രാബത്ത നൽകുന്നതിനുള്ള റൂൾ 57 പ്രകാരം ഹെഡ്ക്വാർട്ടേഴ്സിന് 8 കി മീ. ചുറ്റളവിനുള്ളിൽ യാതൊരു യാത്രക്കും യാത്രാബത്ത ക്ലെയിം ചെയ്യുവാൻ പാടില്ല. എന്നാൽ മേൽ വൗച്ചർ പ്രകാരം യാത്രാബത്ത നൽകിയപ്പോൾ 8 കി മീ. ചുറ്റളവിനുള്ളിൽ വിവിധ ജീവനക്കാർ നടത്തിയ യാത്രകൾക്കായി ആകെ 2,700/-രൂപ യാത്രാബത്ത ക്ലെയിം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര് ഉദ്യോഗപ്പേര് | യാത്ര മാസം | യാത്ര നടത്തിയ തിയ്യതി | യാത്ര നടത്തിയ സ്ഥലം | യാത്രാബത്ത ക്ലെയിം ചെയ്തത് |
|---|---|---|---|---|
| ശ്രീ.പി.പി.സുരേന്ദ്രൻ സീനിയർ ക്ലാർക്ക് | 02/14 | 12.02.14 | കളക്ടറേറ്റ്, കാസറഗോഡ് | 150 |
| ശ്രീ.പി.പി.സുരേന്ദ്രൻ | -do- | 18.02.14 | കളക്ടറേറ്റ്, | 150 |

| | | | | |
|---|---|---|---|---|
| സീനിയർ ക്ലാർക്ക് | | | കാസറഗോഡ് | |
| വി.കെ.ഷാജികുമാർ ജെ.എസ് | 03/14 | 03.03.14 | ഡിഡിപി ഓഫീസ്, കാസറഗോഡ് | 200 |
| വി.കെ.ഷാജികുമാർ ജെ.എസ് | -do- | 04.03.14 | ഡിഡിപി ഓഫീസ്, കാസറഗോഡ് | 200 |
| വി.കെ.ഷാജികുമാർ ജെ.എസ് | 04/14 | 24.04.14 | ഡിഡിപി ഓഫീസ്, കാസറഗോഡ് | 200 |
| എം.ബാബു, അസി.സെക്രട്ടറി | 05/14 | 21.05.14 | കളക്ടറേറ്റ്, കാസറഗോഡ് | 200 |
| എം.ബാബു, അസി.സെക്രട്ടറി | -do- | 15.05.14 | കളക്ടറേറ്റ്, കാസറഗോഡ് | 200 |
| എം.ബാബു, അസി.സെക്രട്ടറി | 06/14 | 13.06.14 | കളക്ടറേറ്റ്, കാസറഗോഡ് | 200 |
| ജി.രമേശൻ അക്കൗണ്ടന്റ് | -do- | 03.06.14 | ജില്ലാ ഓഡിറ്റ് ഓഫീസ്, കാസറഗോഡ് | 200 |
| സോജൻ വിൻസന്റ് സീനിയർ ക്ലാർക്ക് | -do- | 12.06.14 | ഡിഡിപി ഓഫീസ്, കാസറഗോഡ് | 150 |
| അബ്ദുൾ സത്താർ.ഡി സീനിയർ ക്ലാർക്ക് | -do- | 13.06.14 | ഡിഡിപി ഓഫീസ്, കാസറഗോഡ് | 150 |
| ഷാജി മാത്യു ഓഫീസ് അറ്റന്റന്റ് | -do- | 06.06.14 | ഡിഡിപി ഓഫീസ്, കാസറഗോഡ് | 150 |
| എം.ബാബു, അസി.സെക്രട്ടറി | 07/14 | 17.07.14 | സി.ജെ.എം കോടതി, കാസറഗോഡ് | 200 |
| എം.ബാബു, അസി.സെക്രട്ടറി | -do- | 25.07.14 | കളക്ടറേറ്റ്, കാസറഗോഡ് | 200 |
| | | | ആകെ | 2,700 |

ഹെഡ്ക്വാർട്ടേഴ്സിന് 8 കി. മീ. ചുറ്റളവിനുള്ളിലെ യാത്രക്ക് യാത്രാബത്ത ക്ലെയിം ചെയ്തതിന് ഓഡിറ്റ് എൻക്വയറി നം.04/തീയ്യതി 13.01.2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ മേൽ വിവരിച്ച പ്രകാരം ചെലവഴിച്ച ആകെ 2,700/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 SSLC,+2 ഉന്നതവിജയികൾക്ക് ഉപഹാരം നൽകിയത്- അപാകത

വൗച്ചർ നം.21500234/15.06.15 – 110757/-

മേൽ വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സ്കൂളുകളിൽ നിന്നും SSLC,+2 പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും A+ നേടിയ 39 വിദ്യാർത്ഥികൾക്ക് ഉപഹാരമായി ഇംഗ്ലീഷ് -ഇംഗ്ലീഷ്-മലയാളം ഡിക്ഷണറി നൽകാനായി ആകെ 11,757/- രൂപ ചെലവഴിച്ചിട്ടുണ്ട്. കറണ്ട് ബുക്സിന്റെ ബിൽ നം.3473,3474, തിയ്യതി 05.06.15 പ്രകാരമാണ് ഡിക്ഷണറികൾ വാങ്ങിയത്. ചെക്ക് നം. 5899/15.06.2015 പ്രകാരം തുക നൽകിയിട്ടുണ്ട്. ഈ ചെലവുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളെ തെരെഞ്ഞെടുത്തതിന്റെ രേഖകൾ,സ്കൂളിൽ നിന്നുള്ള സാക്ഷ്യപത്രം, ഡിക്ഷണറി കൈപ്പറ്റിയത് എന്നിവ സംബന്ധമായ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.03/തീയ്യതി 13.01.2017 പ്രകാരം ഈ രേഖകൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ഇതിനായി ചെലവഴിച്ച ആകെ 11,757/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-8 ചെയ്യാത്ത ഇനം പ്രവൃത്തിക്ക് അളവ് രേഖപ്പെടുത്തി തുക നൽകി-അപാകതകൾ

താഴെ പറയുന്ന പ്രവൃത്തികളിൽ "excavation in ordinary rock and utilised the spoil for filling and forming low portions of road way to lines and levels and side slopes ramming and sectioning of spoil banks and consolidating properly and dumping the excess spoil away with all leads and lifts etc complete" എന്ന ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങി അളവ് ബുക്ക് പ്രകാരം നിർവ്വഹണം നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. പുതിയ റോഡുകളുടെ ടാറിംഗിൽ മാത്രമാണ് ഈ ഇനം ചെയ്യേണ്ടി വരുന്നത്. റീടാറിംഗ് നടത്തുന്ന പ്രവൃത്തികൾക്ക് ആവശ്യമില്ലാത്ത ഇനമാണ് ഇത്. ആയതിനാൽ എൽ.എസ്.ജി.ഡി.ഓവർസയർമാരുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് നടത്തിയ പരിശോധനയിൽ റോഡുകളുടെ ഇരുവശത്തും മതിൽ ഉള്ളതിനാൽ ബേം കട്ടിംഗിനാവശ്യമായ സ്ഥലം ഇല്ല എന്നും ആയതിനാൽ പ്രസ്തുത ഇനം നടത്തിയിട്ടില്ല എന്നും ബോദ്ധ്യപ്പെട്ടു. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | പദ്ധതിയുടെ പേര്, നം | കരാറുകാരൻ/കൺവീനർ | ബിൽനം,തുക | അളവ് ബുക്ക് നം ,അളവ് ബുക്കിലെ ഇനം നം,അളവ്. | ഈ ഇനത്തിന് അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | മുബാറക് റോഡ് റീ ടാറിംഗ്,155/15 | എം.എ.ഹുസൈൻകുഞ്ഞ്. (എസ്റ്റിമേറ്റ് നിരക്ക്) | 3/15-16 10.07.15 ₹3,45,805/- | 192, 8, 51.66m3 | 51.66X4628/10 m3 =23,908 |
| 2 | നാലത്തടുക്ക കന്നിക്കാട് റോഡ് റീടാറിംഗ്.171/15 | കൺവീനർ-കെ .മുഹമ്മദ് | 6/15-16 10.07.15 ₹1,96,828/- | 293. 8, 26.55m3 (പരിമിതപ്പെടുത്തിയത്-23m3) | 23X4024/10m3 =9,255/- |
| 3 | അർളട്ടുക്ക എസ്.സി കോളനി റോഡ് റീ ടാറിംഗ്.212/15 | കൺവീനർ-സതീശൻ | 5/15-16 10.07.15 1,98,514/- | Hard soil 242, 8, 74.96m3 | 74.96x4024/10m3 =30,163.90 |
| 4 | കെ.പി കോർണർ പൈക ജുമാമസ്ജിദ് റോഡ് റീടാറിംഗ്.186/15 | കരാറുകാരൻ-എടനീർ ലേബർ കോൺട്രാക്റ്റ് കോ ഓപ്പ.സൊസൈറ്റി. | 4/15-16 10.07.15 1,49,168/- | 277, 6, 79 | 79X2374/10m3 =18,754/- |
| | ആകെ | | | | 82,080.90 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ചെയ്യാത്ത ഇനത്തിനായി നൽകിയ

₹ 82,081/-അളവെടുത്ത അസി.എഞ്ചിനീയർ,ചെക്ക് മെഷർ ചെയ്ത അസി.എക്സി.എഞ്ചിനീയർ എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്.

## 3-9 VG 30 ഗ്രേഡിലുള്ള ടാർ ഉപയോഗിച്ച് നടത്തിയ പ്രവൃത്തിക്ക് VG 10 ഗ്രേഡിലുള്ള ടാറിന്റെ വില അനുവദിച്ചതിനാൽ നഷ്ടം

2015-16 വർഷം നടപ്പിലാക്കിയ റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളിൽ, ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രകാരം VG 10 ഗ്രേഡുകളിലുള്ള ടാറാണ് ആവശ്യമെങ്കിലും കൺവീനർമാർ VG 30 ഗ്രേഡിലുള്ള ടാർ മാത്രം വാങ്ങി ഉപയോഗിച്ചതായി കാണുന്നു.

2014 ലെ ഡെൽഹി നിരക്കുകൾ പ്രകാരം VG 30 ഗ്രേഡിലുള്ള ടാറിന്റെ വില 41,000/MT ആണ്. എന്നാൽ VG 10 ഗ്രേഡിലുള്ള ടാറിന്റെ നിരക്ക് 50,600/MT ആണ്. ടാർ ഉപയോഗിച്ച് നടത്തുന്ന 16.30.1 & 16.30.2 (Tack coat), 16.41 (Seal coat), 16.32.1 (2cm Chipping Carpet) എന്നീ ഇനങ്ങൾക്ക് VG 10 ഗ്രേഡിലുള്ള ടാറിന്റെ നിരക്കായ 50,600/MT ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ ഉപയോഗിച്ചത് VG30 ഗ്രേഡിലുള്ള ടാർ ആണ്. VG30ഗ്രേഡിലുള്ള ടാറിന് VG 10 ഗ്രേഡിലുള്ള ടാറിന്റെ വില അനുവദിച്ചതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

16.30.1& 2 (Tack coat), 16.32.1 (2cm Chipping Carpet), 16.41 (Seal coat) എന്നീ ഇനങ്ങൾക്ക് അനുവദിച്ച നിരക്കിന്റെയും അനുവദിക്കാവുന്ന നിരക്കിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*16.30.1- Providing and applying Tack coat using bitumen of VG 10 Grade on WBM @ 0.75Kg/sqm-*

*Details for 100 sqm*

| | | അനുവദിച്ച നിരക്ക് | | | | അനുവദിക്കാവുന്ന നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| 2916 | Paving Asphalt-VG-10 | tonne | 0.075 | 50600 | 3795 | - | - | - | - |
| 2211 | Carriage of tar | Tonne | 0.075 | 106.49 | 7.99 | Tonne | 0.075 | 106.49 | 7.99 |
| 7309 | Paving Asphalt-VG-30 | - | - | | - | Tonne | 41000 | 0.075 | 3,075 |
| 16.30.1 | കോഡ് 16.30.1 പ്രകാരമുള്ള മറ്റിനങ്ങളുടെ ആകെ തുക | | | | 823.33 | | | | 823.33 |
| | ആകെ | | | | 4,626.32 | | | | 3,906.32 |
| | 1 % watering charges | | | | 46.26 | | | | 39.06 |
| | ആകെ | | | | 4,672.58 | | | | 3,945.38 |
| | Cost Index 1.3048അടക്കം | | | | 6,096.78 | | | | 5,147.93 |
| | Hence for 1 sqm | | | | 60.96 | | | | 51.48 |
| | Cost Index 1.3619അടക്കം | | | | 6,363.58 | | | | 5,373.21 |
| | Hence for 1 sqm | | | | 64 | | | | 53.73 |

*16.30.2- Providing and applying Tack coat using bitumen of VG 10 Grade on WBM @ 0.50Kg/sqm-*

*Details for 100 sqm*

| | | അനുവദിച്ച നിരക്ക് | | | | അനുവദിക്കാവുന്ന നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| 2916 | Paving Asphalt-VG-10 | tonne | 0.050 | 50,600 | 2,530 | - | - | - | - |
| 2211 | Carriage of tar | Tonne | 0.050 | 106.49 | 5.32 | Tonne | 0.050 | 106.49 | 5.32 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 7309 | Paving Asphalt-VG-30 | - | - | - | - | Tonne | 41,000 | 0.050 | 2,050 |
| 16.30.1 | കോഡ് 16.30.2 പ്രകാരമുള്ള മറ്റിനങ്ങളുടെ ആകെ തുക | | | | 800.40 | | | | 800.40 |
| | ആകെ | | | | 3335.72 | | | | 2,855.72 |
| | 1 % watering charges | | | | 33.35 | | | | 28.55 |
| | ആകെ | | | | 3,369.07 | | | | 2,884.27 |
| | Cost Index 1.3048അടക്കം | | | | 4,395.96 | | | | 3,763.39 |
| | Hence for 1 sqm | | | | 43.96 | | | | 37.63 |
| | Cost Index 1.3619അടക്കം | | | | 4,588.33 | | | | 3,928.09 |
| | Hence for 1 sqm | | | | 46 | | | | 39.28 |

*16.32.1- 2cm premix carpet surfacing with VG-10 grade bitumen*

*Details for 100 sqm*

| | | അനുവദിച്ച നിരക്ക് | | | | അനുവദിക്കാവുന്ന നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| 2916 | Paving Asphalt-VG-10 | tonne | 0.144 | 50,600 | 7,286.40 | - | - | - | - |
| 2211 | Carriage of tar | Tonne | 0.144 | 106.49 | 15.33 | Tonne | 0.144 | 106.49 | 15.33 |
| 7309 | Paving Asphalt-VG-30 | - | - | - | - | Tonne | 41,000 | 0.144 | 5,904 |
| 16.41 | കോഡ് 16.32.1 പ്രകാരമുള്ള മറ്റിനങ്ങളുടെ ആകെ തുക | | | | 7,614.09 | | | | 7,614.09 |
| | ആകെ | | | | 14,915.82 | | | | 13,533.42 |
| | 1 % watering charges | | | | 149.16 | | | | 135.33 |
| | ആകെ | | | | 15,065 | | | | 13,668.8 |
| | Cost Index 1.3048 അടക്കം | | | | 19,656.81 | | | | 17,385.05 |
| | Hence for 1 sqm | | | | 196.57 | | | | 178.35 |
| | Cost Index 1.3619 അടക്കം | | | | 20,517.02 | | | | 18,615.53 |
| | Hence for 1 sqm | | | | 205 | | | | 186.15 |

*16.41- Providing and laying seal coat*

*Details for 100 sqm*

| | | അനുവദിച്ച നിരക്ക് | | | | അനുവദിക്കാവുന്ന നിരക്ക് | | | |
|---|---|---|---|---|---|---|---|---|---|
| Code | Description | Unit | Quantity | Rate | Amount | Unit | Quantity | Rate | Amount |
| 2916 | Paving Asphalt- | tonne | 0.098 | 50,600 | 4,958.50 | - | - | - | - |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | VG-10 | | | | | | | | |
| 2211 | Carriage of tar | Tonne | 0.098 | 106.49 | 10.44 | Tonne | 0.098 | 106.49 | 10.44 |
| 7309 | Paving Asphalt-VG-30 | - | - | - | - | Tonne | 41,000 | 0.098 | 4,018 |
| 16.41 | കോഡ് 16.41 പ്രകാരമുള്ള മറ്റിനങ്ങളുടെ ആകെ തുക | | | | 3,672.53 | | | | 3,672.53 |
| | ആകെ | | | | 8,641.47 | | | | 7,700.97 |
| | 1 % watering charges | | | | 86.41 | | | | 77 |
| | ആകെ | | | | 8,727.88 | | | | 7,777.97 |
| | Cost Index 1.3048അടക്കം | | | | 11,388.14 | | | | 10,148.69 |
| | Hence for 1 sqm | | | | 113.88 | | | | 101.49 |
| | Cost Index 1.3619അടക്കം | | | | 11,886.49 | | | | 10,592.81 |
| | Hence for 1 sqm | | | | 119 | | | | 105.92 |

| ക്രമ നം | കോഡ്, ഇനം | അനുവദിച്ച നിരക്ക് | | അനുവദനീയമായ നിരക്ക് | |
|---|---|---|---|---|---|
| | | Cost Index 1.3048 | Cost Index 1.3619 | Cost Index 1.3048 | Cost Index 1.3619 |
| 1 | 16.30.1- Providing and applying Tack coat using bitumen of VG 10 Grade on bituminous surface @ 0.75Kg/sqm- | 60.96/sqm | 63.65/sqm | 51.48/sqm | 53.73/sqm |
| 2 | 16.30.2- Providing and applying Tack coat using bitumen of VG 10 Grade on bituminous surface @ 0.50Kg/sqm- | 43.96/sqm | 45.88/sqm | 37.63/sqm | 39.28/sqm |
| 3 | 16.32.1- 2cm premix carpet surfacing with VG-10 grade bitumen | 196.57/sqm | 205.17/sqm | 178.35/sqm | 186.15/sqm |
| 4 | 16.41- Providing and laying seal coat | 113.88/sqm | 118.84/sqm | 101.49/sqm | 105.92/sqm |

ആയതിനാൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ | പ്രവൃത്തിയുടെ | അനുവദിച്ച മൂല്യം | അനുവദനീയമായ മൂല്യം | അധികം |
|---|---|---|---|---|

| നം | വിവരങ്ങൾ | ഇനം | കോഡ് | അളവ് | നിരക്ക് | മൂല്യം | ഇനം | കോഡ് | അളവ് | നിരക്ക് | മൂല്യം | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം- 165/16<br>പ്രവൃത്തിയുടെ പേര്- കോലാച്ചിയടുക്കം കന്നിക്കണ്ട് റോഡ് ടാറിംഗ്<br>കൺവീനർ- എ.കെ.പദ്മനാഭൻ<br>പേമെന്റ്-<br>ബിൽ നം 45/15-116 തിയതി 19.03.2016- 1,99,379രൂപ,<br>എസ്റ്റിമേറ്റ്- DSR 2014, with cost index-1.3619 and without CPOH- തുക- 2,00,000<br>ടാർ വാങ്ങിയതിന്റെ വിവരങ്ങൾ-<br>ബിൽ നം & തിയതി- 12240/16.02.2016, സിഡ്കോ, കാസറഗോഡ്<br>ടാറിന്റെ ഗ്രേഡ്- VG-30<br>അളവ്- 624 കി.ഗ്രാം<br>തുക- 19,216 രൂപ<br>എം ബുക്ക് നം 395/15-16 | 7 | 16.30.1 | 195 sqm | 63.65/ sqm | 12,411.75 | 7 | 16.30.1 | 195 sqm | 53.73/ sqm | 10,477.35 | 1,934.40 |
| | | 8 | 16.32.1 | 195 sqm | 205.17/ sqm | 40,008.15 | 8 | 16.32.1 | 195 sqm | 186.15/ sqm | 36,299.25 | 3,708.90 |
| | | 9 | 16.41 | 195 sqm | 118.84/sqm | 23,173.80 | 9 | 16.41 | 195 sqm | 105.92/ sqm | 20,654.40 | 2,519.40 |
| | | ആകെ | | | | | | | | | | 8,163 |
| 2 | പ്രോജക്ട് നം- 368/16<br>പ്രവൃത്തിയുടെ പേര്- ഇന്ദിരാനഗർ എം.എ. റോഡ് അഭിവൃദ്ധിപ്പെടുത്തൽ<br>കൺവീനർ- എം.എ മക്കാർ മാസ്റ്റർ<br>ചെക്ക് നം 1970205 തിയതി 31.03.2016, തുക- 1,94,143 | 9 | 16.30.1 | 90 sqm | 63.64/ sqm | 5,727.60 | 9 | 16.30.1 | 90 sqm | 53.73/ sqm | 4,835.70 | 891.90 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | എസ്റ്റിമേറ്റ്- DSR 2014, with cost index-1.3619 and without CPOH- തുക- 2,00,000<br>ടാർ വാങ്ങിയതിന്റെ വിവരങ്ങൾ-<br>ബിൽ നം & തിയതി- 14255/02.03.2016, സിഡ്കോ, കാസറഗോഡ്<br>ടാറിന്റെ ഗ്രേഡ്- VG-30<br>അളവ്- 1092 കി.ഗ്രാം<br>തുക- 34,657<br>എം.ബുക്ക് നം. 575/15-16 | 11 | 16.32.1 | 339 sqm | 205.17/ sqm | 69,552.63 | 11 | 16.32.1 | 339 sqm | 186.15/ sqm | 63,104.85 | 6,447.78 |
| | | 12 | 16.41 | 339 sqm | 118.86/ sqm | 40,293.54 | 12 | 16.41 | 339 sqm | 105.92/ sqm | 35,906.88 | 4,386.66 |
| | | 10 | 16.30.2 | 249 sqm | 45.88/ sqm | 11,424.12 | 10 | 16.30.2 | 249 sqm | 39.28/sqm | 9,780.72 | 1,643.40 |
| | | ആകെ | | | | | | | | | | 13,370 |
| 3 | പ്രോജക്ട് നം- 231/16<br>പ്രവൃത്തിയുടെ പേര്- ചൂരിപ്പള്ളം മണ്ഡലിക്കാട് എസ് സി കോളനി റോഡ് ടാറിംഗ്<br>കൺവീനർ- അനിത<br>ബിൽ നം, തുക- 113/15-16, 31.03.2016, 2,94,416 രൂപ,<br>എസ്റ്റിമേറ്റ്- DSR 2014, with cost index-1.3048 and without CPOH- തുക- 3,00,000<br>ടാർ വാങ്ങിയതിന്റെ വിവരങ്ങൾ-<br>ബിൽ നം & തിയതി- 14178/20.02.2016, സിഡ്കോ, കാസറഗോഡ്<br>ടാറിന്റെ ഗ്രേഡ്- VG-30<br>അളവ്-1,092 കി.ഗ്രാം<br>തുക- 33,628<br>എം ബുക്ക് നം 573/15-16 | 6 | 16.30.1 | 331 sqm | 61/ sqm | 20,191 | 6 | 16.30.1 | 331 sqm | 51.48/ sqm | 17,039.88 | 3,151.12 |
| | | 7 | 16.32.1 | 331 sqm | 197/ sqm | 65,207 | 7 | 16.32.1 | 331 sqm | 178.35/ sqm | 59,033.85 | 6,173.15 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |
| | | 8 | 16.41 | 331 sqm | 114/ sqm | 37,734 | 8 | 16.41 | 331 sqm | 101.49/ sqm | 33,593.19 | 4,140.81 |
| | | ആകെ | | | | | | | | | | 13,465 |
| 4 | പ്രോജക്ട് നം- 137/16<br>പ്രവൃത്തിയുടെ പേര്- പട്ടവയൽ ചിത്താരി റോഡ് ടാറിംഗ്<br>കൺവീനർ- സി. അബ്ദുള്ള<br>ബിൽ നം, തുക- 47/16, 19.03.2016, 1,91,554രൂപ,<br>എസ്റ്റിമേറ്റ്- DSR 2014, with cost index-1.3619 and without CPOH- തുക- 2,00,000<br>ടാർ വാങ്ങിയതിന്റെ വിവരങ്ങൾ-<br>ബിൽ നം. & തിയതി- 8162/11.01.2016, സിഡ്കോ, കാസറഗോഡ്<br>ടാറിന്റെ ഗ്രേഡ്- VG-30<br>അളവ്-624 കി.ഗ്രാം<br>തുക- 21,940<br>എം. ബുക്ക് നം. 377/15-16 | 7 | 16.30.1 | 189 sqm | 64/ sqm | 12,096 | 7 | 16.30.1 | 189 sqm | 53.73/ sqm | 10,154.97 | 1,941 |
| | | 8 | 16.32.1 | 189 sqm | 205/sqm | 38,745 | 8 | 16.32.1 | 189 sqm | 186.15/ sqm | 35,182.35 | 3,562.65 |
| | | 9 | 16.41 | 189 sqm | 119/ sqm | 22,491 | 9 | 16.41 | 189 sqm | 105.92/ sqm | 20,018.88 | 2,472.12 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | 7,976 |
| 5 | പ്രോജക്ട് നം- 431/16<br>പ്രവ്യത്തിയുടെ പേര്- മീനങ്ങോട് മൂല റോഡ് ടാറിംഗ്<br>കൺവീനർ- അബ്ദുൾ സലാം<br>ബിൽ നം, തുക- 72/15-16, 29.03.2016, 2,50,00 രൂപ,<br>എസ്റ്റിമേറ്റ്- DSR 2014, with cost index-1.3619 and without CPOH- തുക- 2,50,000<br>ടാർ വാങ്ങിയതിന്റെ വിവരങ്ങൾ-<br>ബിൽ നം & തിയതി- 12066/06.02.2016, സിഡ്കോ, കാസറഗോഡ്<br>ടാറിന്റെ ഗ്രേഡ്- VG-30<br>അളവ്- 780 കി.ഗ്രാം<br>തുക- 25,120<br>എം.ബുക്ക്നം.387/15-16 | 8 | 16.30.1 | 231 sqm | 63.64/ sqm | 14,700.84 | 8 | 16.30.1 | 231 sqm | 53.73/ sqm | 12,411.63 | 2,289.21 |
| | | 9 | 16.32.1 | 231 sqm | 205.17/sqm | 47,394.27 | 9 | 16.32.1 | 231 sqm | 186.15/ sqm | 43,000.65 | 4,393.62 |
| | | 10 | 16.41 | 231 sqm | 118.86/ sqm | 27,456.66 | 10 | 16.41 | 231 sqm | 105.92/ sqm | 24,467.52 | 2,989.14 |
| | | | | | | | | | | | | 9,672 |
| 6 | പ്രോജക്ട് നം- 151/16<br>പ്രവ്യത്തിയുടെ പേര്- നാലത്തട്ടുക്ക കന്നിക്കാട് റോഡ് ടാറിംഗ്<br>കൺവീനർ- മുഹമ്മദ്.കെ<br>ബിൽ നം, തുക- 51/15-16, 19.03.2016, 1,97,915 രൂപ,<br>എസ്റ്റിമേറ്റ്- DSR 2014, with cost index-1.3619 | 7 | 16.30.1 | 198 sqm | 64/ sqm | 12,672 | 7 | 16.30.1 | 198 sqm | 53.73/ sqm | 10,638.54 | 2,033.46 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |
| | and without CPOH-<br>തുക- 2,00,000<br><br>ടാർ വാങ്ങിയതിന്റെ വിവരങ്ങൾ-<br><br>ബിൽ. നം. & തിയതി- 8165/11.01.2016, സിഡ്കോ, കാസറഗോഡ്<br><br>ടാറിന്റെ ഗ്രേഡ്- VG-30<br><br>അളവ്- 780 കി.ഗ്രാം<br><br>തുക- 27,425<br><br>എം. ബുക്ക്. നം. 375/15-16 | 8 | 16.32.1 | 198 sqm | 205/sqm | 40,590 | 8 | 16.32.1 | 198 sqm | 186.15/ sqm | 36,857.70 | 3,732.30 |
| | | 9 | 16.41 | 198 sqm | 119/ sqm | 23,562 | 9 | 16.41 | 198 sqm | 105.92/ sqm | 20,972.16 | 2,589.84 |
| | | ആകെ | | | | | | | | | | 8,356 |
| | | ആകെ മൊത്തം | | | | | | | | | | 61,002 |

## 3-10 തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല-സംയുക്തപരിശോധന നടത്തിയിട്ടില്ല.

ഓഡിറ്റ് വർഷം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായി വിവിധ പദ്ധതികൾ പ്രകാരം 19,73,519 രൂപ ക്രൂസ് കാസറഗോഡിന് നൽകിയിട്ടുണ്ട്. ഇതു പ്രകാരം 754 സി.എഫ്.എൽ ലാമ്പുകളും 15 ജംഗ്ഷൻ ലൈറ്റുകളുമാണ് ലഭ്യമായിട്ടുള്ളത്. ക്രൂസ് കാസറഗോഡ് നല്കിയ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. എന്നാൽ ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ കൃത്യമായ വിവരങ്ങൾ, ഇനം , തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന തെരുവ് വിളക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുമില്ല.നിലവിൽ 1.07 ലക്ഷം രൂപ വീതം പ്രതിമാസം തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ ഗ്രാമ പഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണവും വൈദ്യുത ചാർജ്ജ് ഇനത്തിൽ ഒടുക്കേണ്ട തുകയും ക്രമീകരിക്കേണ്ടതാണ്. ഭാവിയിൽ പുതുതായി തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതായി വരുന്ന സാഹചര്യത്തിൽ കൃത്യമായ പരിശോധനകൾ നടത്തി അവശ്യകേന്ദ്രങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.കൂടാതെ തെരുവ് വിളക്ക് രജിസ്റ്റർ നിർദ്ദിഷ്ട മാതൃകയിൽ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-11 തെരുവ് വിളക്ക് അറ്റകുറ്റപ്പണി -കൃത്യമായ ആവശ്യകത നിർണ്ണയിച്ചിട്ടില്ല -മറ്റ്

## അപാകതകൾ

പ്രൊ.നം. 383/16 -പ്രകാരം തെരുവ് വിളക്ക് അറ്റപ്പണി നടത്തിയ വകയിൽ ചെക്ക് നം.617403/04-01-16 പ്രകാരം 1,49,800 രൂപ എലൈറ്റ് ഇലക്ട്രിക്കൽസ് ചക്കരക്കൽ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത് ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി.

(എ) പദ്ധതിയ്ക്കായി ടെണ്ടർ വിളിക്കുന്നതിനു മുമ്പ് ആവശ്യകത കൃത്യമായി നിർണ്ണയിച്ചിട്ടില്ല.

(ബി) ടെണ്ടർ നൽകിയ കരാറുകാരും വിശദമായ എസ്റ്റിമേറ്റ് നൽകിയിട്ടില്ല. കരാർ ഏറ്റെടുത്ത സ്ഥാപനം സോഡിയം വേപ്പർ ലാമ്പ് ഒന്നിന് 1,000രൂപയും സി.എഫ്.എൽ ലാമ്പ് ഒരെണ്ണം 7,00 രൂപയും റിപ്പയർ ചെയ്യുമെന്നാണ് സമ്മതിച്ചിരുന്നത്. ഉപയോഗിക്കുന്ന ഉപകരണങ്ങൾ പാർടസുകൾ എന്നിവയുടെ വിശദാംശം പ്രത്യേകം സൂചിപ്പിച്ചിട്ടില്ല.

(സി) ഇതേ രീതിയിൽ തന്നെയാണ് പ്രസ്തുത സ്ഥാപനം ബില്ലും നൽകിയിരിക്കുന്നത്. ഓഡിറ്റ് വർഷം 214സി.എഫ്.എൽ ലാമ്പുകൾ അറ്റകുറ്റപ്പണി നടത്തിയതിന് 7,00രൂപ നിരക്കിലാണ് കരാറുകാരന് നൽകിയിട്ടുണ്ട്. ഉപയോഗിച്ച ഉപകരണങ്ങൾ പാട്സുകൾ എന്നിവയുടെ വിശദാംശം ബില്ലിൽ ഇല്ല .

(ഡി)നിയമപ്രകാരം ഈടാക്കേണ്ടുന്ന വാറ്റ് , ആദായ നികുതി എന്നിവ ഈടാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ഇ) തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

(എഫ്) അറ്റ കുറ്റപ്പണി നടത്തിയതായി ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും , കെ.എസ്.ഇ.ബി യിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നുള്ള പരിശോധന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി സ്പിൽ ഓവറായി വർഷം തുടരുന്നതായി അധികൃതർ അറിയിക്കുകയുണ്ടായി. മേൽ പരാമർശിത രേഖകൾ, വിശദീകരണങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി 2015-16വർഷം തനതുഫണ്ടിൽ നിന്നും നടത്തിയ1,49,800 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 ട്രാൻസ്പോർട്ടിങ്ങ് ചാർജ്ജിനത്തിൽ അധിക നിരക്ക് നൽകിയത് - സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2015-16നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയുടെ (പ്രൊ.നം.8/16) ഭാഗമായി ട്രഷറി ബിൽ.No.8/29-02-16 പ്രകാരം പിൻവലിച്ച 8,75,485രൂപയിൽ 6,45,512 രൂപ വിനിയോഗിച്ച് 9,475kg വിവിധ ഭക്ഷ്യ വസ്തുക്കൾ ഹരീശ്രീ ന്യൂട്രിമിക്സ്, എടനീർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ്.നം.38തി.16-01-16). ഇതിന്റെ ട്രാൻസ് പോർട്ടിങ്ങ് -കയറ്റിറക്ക് ചാർജ്ജിനത്തിൽ കിലോഗ്രാമിന് 2.30 രൂപ നിരക്കിൽ 21,792 രൂപയും ചെലവഴിച്ചിട്ടുണ്ട്. തൊട്ടു മുൻപിലത്തെ ബില്ല് പ്രകാരം (ഇൻവോയ്സ് നം.126തി.28-09-15) സമാനമായ അളവിൽ കാസറഗോഡ് ജില്ല ഹോൾസെയിൽ കോഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിൽ നിന്നും വാങ്ങിയ ഭക്ഷ്യ വസ്തുക്കളുടെ ട്രാൻസ്പോർട്ടിങ്ങ് -കയറ്റിറക്ക് ചാർജ്ജിനത്തിൽ 11,000രൂപ മാത്രമാണ് ചെലവഴിച്ചത്. ഇത്തരത്തിൽ അധിക നിരക്കിൽ ട്രാൻസ് പോർട്ടിങ്ങ് -കയറ്റിറക്ക് ചാർജ്ജ് നൽകുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ച് ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയത് ലഭ്യമല്ലാത്തപക്ഷം അധികനിരക്കിൽ നൽകിയ ട്രാൻസ് പോർട്ടിങ്ങ് -കയറ്റിറക്ക് ചാർജ്ജ് ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടവാക്കേണ്ടതുമാണ്.

## 3-13 അങ്കണവാടി പോഷകാഹാര വിതരണം -ഭക്ഷ്യ വസ്തുക്കളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ ലഭ്യമാക്കിയില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2015-16 നടപ്പിലാക്കിയ അങ്കണവാടി പോഷകാഹാര വിതരണ പദ്ധതിയുടെ (പ്രൊ.നം.8/16) ഭാഗമായി ട്രഷറി ബിൽ.No.3/20-08-15 പ്രകാരം 2,61,568 രൂപ പിൻവലിച്ച് വിവിധ ആവശ്യങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. ഇതു പ്രകാരം 97,141രൂപ ഇൻവോയ്സ് നം.290തി.10-03-15 പ്രകാരം ചുവടെ ചേർത്ത ഭക്ഷ്യവസ്തുക്കൾ നൽകിയവകയിൽ കാസറഗോഡ് ജില്ല ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന് നൽകിയിട്ടുണ്ട്. എന്നാൽ

പരിശോധനയ്ക്ക് ലഭ്യമാക്കിയ ഭക്ഷ്യ വസ്തുക്കളുടെ വിതരണ രജിസ്റ്റർ പ്രകാരം ഇവ അങ്കണവാടികളിൽ വിതരണം ചെയ്തു കാണുന്നില്ല .ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം പ്രകാരം വാങ്ങിയ ഭക്ഷ്യവസ്തുക്കൾ അങ്കണവാടികളിൽ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥയുടെ തൊട്ടു മുകളിലുള്ള മേലധികാരി മുഖേന സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതു വരെ 97,141 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ഇൻവോയ്സ് നം | ഇനങ്ങൾ | അളവ് |
|---|---|---|
| ഇൻവോയ്സ് നം.-290<br>തി.10-03-15₹97,141 | വെല്ലം | 430 kg |
| | ഗ്രീൻഗ്രാം | 225kg |
| | ഗ്രീൻഗ്രാം ധാൽ | 416kg |

2) മേൽ പ്രകാരം വാങ്ങിയ ( ഇൻവോയ്സ് നം.,290തി.10-03-15) 1,071kg ഭക്ഷ്യവസ്തുക്കളുടെ ട്രാൻസ് പോർട്ടിങ്ങ് -കയറ്റിറക്ക് ചാർജ്ജിനത്തിൽ 11,000രൂ ട്രഷറി ബിൽ.No.5/30-09-15 പ്രകാരം പിൻവലിച്ച 2,62,931രൂപയിൽ ഉൾപ്പെടുത്തി കാസറഗോഡ് ജില്ല ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോറിന് നൽകിയിട്ടുണ്ട് (കാസറഗോഡ് ജില്ല ഹോൾസെയിൽ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ അധികൃതർ നൽകിയ രസീതിൽ ഇൻവോയ്സ് നം.290 തി.10-03-15 പ്രകാരമുള്ള ട്രാൻസ് പോർട്ടിങ്ങ് -കയറ്റിറക്ക് കൂലിയെന്ന് പ്രത്യേകം പരാമർശിക്കുന്നുണ്ട്). നിലവിൽ കിലോഗ്രാമിന് 1.50 രൂപയോളമാണ് കൺസ്യൂമർ സ്റ്റോറിന് നൽകി വന്നിരുന്നത്. ഇതനുസരിച്ച് മേൽ പരാമർശിച്ച 1071kg ഭക്ഷ്യവസ്തുക്കളുടെ ട്രാൻസ് പോർട്ടിങ്ങ് -കയറ്റിറക്ക് ചാർജ്ജിനത്തിൽ 1,607 രൂപ മാത്രമാണ് വേണ്ടിയിരുന്നത്. ഇതിനു പകരം 11,000രൂപ നൽകിയത് മൂലം 9,393രൂപ അധികച്ചെലവുണ്ടായിട്ടുണ്ട്. ഇത്തരത്തിൽ അധിക നിരക്ക് നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. ആയതുവരെ മേൽപ്രകാരം കയറ്റിറക്ക് -വാഹന വാടക എന്നീയിനങ്ങളിൽ നടത്തിയ 11,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 വിവിധ പദ്ധതികൾക്കായി തുക കൈമാറിയത് - വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥർ 27,41,649 രൂപ മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണം സാധൂകരിക്കുന്ന ധന വിനിയോഗസാക്ഷ്യപത്രം നാളിതുവരെയായിട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത പ്രകാരം ചെലവഴിച്ച് തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ.നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതിയുടെ വിശദാംശം | ബിൽ.നം / തിയതി/ | തുക | തുക നൽകിയതിന്റെ വിശദാംശം |
|---|---|---|---|---|---|
| 1 | സെക്രട്ടറി | പ്രൊ.നം. 02/16<br>എസ്.എസ്.എ വിഹിതം നൽകൽ | Bill.No.17/ 30-03-16 | 15,00,000 | ജില്ലാ പ്രൊജക്ട് ഓഫീസർ കാസറഗോഡ് |
| 2 | സെക്രട്ടറി | പ്രൊ.നം. 05/16<br>NPRPD വിഹിതം നൽകൽ | Bill.No.21/ 30-03-16 | 4,00,000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസറഗോഡ് |
| 3 | സെക്രട്ടറി | പ്രൊ.നം.382/16 ജില്ലാ ആശുപത്രി ഡയാലിസിസ് യൂണിറ്റ് | Vr.No.21500760/ 08-01-16 | 1,00,000 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കാസറഗോഡ് |
| 4 | സെക്രട്ടറി | പ്രൊ.നം.380/16 | Vr.No.21500730/ | 99,514 | KSEB ഇല. |

| | | | | | |
|---|---|---|---|---|---|
| | | തങ്ങൾ വുഡ്-അക്കരങ്ങര റോഡ് ലൈൻ എക്സ്റ്റൻഷൻ | 5-01-16 | | സെക്ഷൻ, ചെർക്കള |
| 5 | സെക്രട്ടറി | പ്രൊ.നം.249/16 മാര മസ്ജിദ് റോഡ് ലൈൻ എക്സ്റ്റൻഷൻ | Vr.No.21500275/ 01-07-15 | 27,135 | KSEB ഇല. സെക്ഷൻ, ചെർക്കള |
| 6 | അസി.സെക്രട്ടറി | പ്രൊ.നം.235/16 ഐ.എ.വൈ വിഹിതം (SC) | Bill.No.06/ 27-01-16 | 1,00,000 | ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് |
| 7 | അസി.സെക്രട്ടറി | പ്രൊ.നം.239/16 ഐ.എ.വൈ വിഹിതം (ST) | Bill.No.7/ 27-01-16 | 5,15,000 | ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ് |
| | | | ആകെ | 27,41,649 | |

## 3-15 പെയിൻ &പാലിയേറ്റീവ് പദ്ധതി പ്രകാരം മരുന്നും ലഭ്യമാകുന്നതിന് കാലതാമസം

പെയിൻ &പാലിയേറ്റീവ് പദ്ധതി പ്രകാരം മരുന്നും ലഭ്യമാകുന്നതിന് കാരുണ്യാ മെഡിക്കൽ ഡിപ്പൊയിലേക്ക് 90,000/-രൂപ (ട്രഷറി ബിൽ നം.3/26-09-2015) നൽകിയെങ്കിലും 3,000/- രൂപയുടെ മരുന്നും ഇതുവരെയും പി.എച്ച്.സിയ്ക്ക് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെർഫോമ ഇൻവോയ്സ് നമ്പർ | ലഭ്യമായ മരുന്നുകളുടെ വിവരം |
|---|---|
| 2731/25.11.2015 | 27,233/- |
| 3302/29.12.2015 | 25,724/- |
| 3862/20.01.2016 | 4,916/- |
| 3432/04.10.2016 | 29,127/- |

29,127/-രൂപയുടെ മരുന്നു വളരെ വൈകിയാണ് ലഭ്യമാക്കിയത്, പെയിൻ &പാലിയേറ്റീവ് സാന്ത്വന രോഗക്കൾക്ക് ഫലപ്രദമായ രീതിയിൽ സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കേണ്ടതണ്. ലഭിക്കുവാൻ അവശേഷിക്കുന്ന 3,000/- രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവ ലഭ്യമായതിനുശേഷം സ്റ്റോക്ക്- വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നം. 6 .തിയതി 13-01-2017)

## 3-16 ഭവന നിർമ്മാണ പദ്ധതികൾ -നിരവധി വീടുകൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ വി.ഇ.ഒ ഹാജരാക്കിയ സ്കീം രജിസ്റ്റർ പ്രകാരം 2012-13 മുതൽ 2014-15 വരെയുള്ള കാലയളവിൽ വിവിധ ഭവന പദ്ധതികൾ പ്രകാരം നിർമ്മാണം ആരംഭിച്ച നിരവധി ഗുണഭോക്താക്കൾ വീടുകൾ പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നതായി ശ്രദ്ധയിൽപെടുകയുണ്ടായി. ഇവയിൽ ഭൂരിഭാഗവും അവസാന ഗഡുക്കൾ കൈപ്പറ്റുവാനുള്ളതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | നിർമ്മാണം ആരംഭിച്ച വർഷം | യൂണിറ്റ് കോസ്റ്റ് | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | മഞ്ജുഷ,<br>w/o മുരളി | 2012-13 | 1,50,000 | 60,000 |
| 2 | ലളിത,<br>w/o സജീവ.കെ | 2012-13 | 2,00,000 | 1,40,000 |
| 3 | മിസിരിയ,<br>w/o അൻവ്വർ | 2012-13 | 1,50,000 | 1,05,000 |
| 4 | അബ്ദുള്ള.കെ.എം,<br>s/o മുഹമ്മദ് | 2012-13 | 1,50,000 | 60,000 |
| 5 | നാരായണി,<br>w/o ഉദയകുമാർ | 2013-14 | 1,50,000 | 1,05,000 |
| 6 | ഹാജിറ.ടി.എം,<br>w/o. മുഹമ്മദ് | 2013-14 | 1,50,000 | 60,000 |
| 7 | ഫസില.കെ,<br>w/o. ഇബ്രാഹിം | 2013-14 | 1,50,000 | 60,000 |
| 8 | നസിയ.ബി.ബി,<br>w/o. അഷറഫ് | 2014-15 | 2,00000 | 80,000 |
| 9 | അസ്മ.ബി.എൻ,<br>w/o.മുഹമ്മദ്താഹ | 2014-15 | 2,00000 | 1,20,000 |
| 10 | ഹസീന.ടി.എച്ച്,<br>w/o.ഹാരീസ്.ടി.എ | 2014-15 | 2,00000 | 1,40,000 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ ഭവന നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് അർഹമായ ആനുകൂല്യം എത്രയും വേഗം കൈപ്പറ്റുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതും, ഭവന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലങ്കിൽ എഗ്രിമെന്റ് പ്രകാരം കൈപ്പറ്റിയ തുകകൾ മുഴവൻ ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതുമാണ്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണം സംബന്ധിച്ച പുരോഗതിയുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 7/തീയ്യതി -16-01-2017)

## 3-17 പട്ടിക ജാതി കോളനികളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ -വാങ്ങിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടില്ല -₹2,36,276 പാഴ്ച്ചെലവ്

ഗ്രാമ പഞ്ചായത്തിലെ പട്ടിക ജാതി കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2 പ്രോജക്ടുകൾ നടപ്പിലാക്കുകയുണ്ടായി. പ്രോജക്ടുകളുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

1. എസ്.സി. കോളനികൾക്ക് LED street light

പ്രോജക്ട് നമ്പർ. 238/16

അടങ്കൽ - 1,99,288/- രൂപ (വികസന ഫണ്ട്)

ബിൽ. നമ്പർ - 13/29-02-16 തുക 1,96,794/ രൂപ

ഗ്രാമ പഞ്ചായത്തിലെ 26 പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് പ്രകാരം KREWS കാസറഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും 12 വാട്ട് എൽ.ഇ.ഡി. ബൾബുകൾ 78 എണ്ണം ഒന്നിന് 2,307.62 രൂപ നിരക്കിൽ ഇൻവോയിസ് നമ്പർ 920/23-02-16 പ്രകാരം വാങ്ങിച്ചിട്ടുണ്ട്. ഇതിലേക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

12 വാട്ട് എൽ.ഇ.ഡി ബൾബുകൾ @ 2307.62 X 78 = 1,79,994.36

ഇൻസ്റ്റലേഷൻ ചാർജ് = 7,800.00

വാറ്റ് 5% = 8,999.71

ആകെ = 1,96,794

ഇൻസ്റ്റലേഷൻ ചാർജ്ജ് അടക്കം KREWS ന് നൽകിയിട്ടുണ്ടെങ്കിലും ബൾബുകൾ സ്ഥാപിക്കുന്നതിനുള്ള ഇലക്ട്രിക്കൽ ലൈൻ പോലും ഇതുവരെ വലിച്ചിട്ടില്ല. അതുകൊണ്ട് തന്നെ വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.ആയതിനാൽ ഇൻസ്റ്റലേഷൻ ചാർജ്ജ് ഇനത്തിൽ ചെലവായ 7,800 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരിച്ചു പിടിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് വേണ്ട പ്രാഥമിക കാര്യങ്ങൾ പോലും ചെയ്യാതെ ചെലവഴിച്ച ബാക്കി തുക 1,88,994 രൂപയുടെ (1,96,794-7,800) ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2)അർളട്ടുക്ക എസ്.സി കോളനി റോഡ് ലൈറ്റ്

പ്രോജക്ട് നമ്പർ 237/16

അടങ്കൽ - 40,000/- രൂപ

ബിൽ നമ്പർ - 14/23-3-16 തുക 39,482/ രൂപ

അർളട്ടുക്ക എസ്.സി കോളനി റോഡ് ലൈറ്റ് സ്ഥാപിക്കുന്നതിനായി പ്രോജക്ട് പ്രകാരം KREWS കാസറഗോഡ് എന്ന സ്ഥാപനത്തിൽ നിന്നും 1.36 W CFL ബൾബുകൾ 19 എണ്ണം ഒന്നിന് 1,606.99 രൂപ നിരക്കിൽ ഇൻവോയിസ് നമ്പർ 906/12-02-16 പ്രകാരം വാങ്ങിച്ചിട്ടുണ്ട്. ഇതിലേക്കായി ചെലവഴിച്ച തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

1.36 W CFL strrt light fitting mannnal 19 X 1606.99 = 30,532.81

36 W 4 pin Lamp for CFL 19 X 131.43 = 2,497.17

ഇൻസ്റ്റലേഷൻ ചാർജ് = 1,900.00

KVAT 14.5% 4427.26

(-) KVAT Output 5% 124.86

(-) 00.10

ആകെ = 39232.02

ഇൻസ്റ്റലേഷൻ ചാർജ്ജ് അടക്കം KREWS ന് നൽകിയിട്ടുണ്ടെങ്കിലും ബൾബുകൾ സ്ഥാപിച്ചിട്ടില്ല.ആയതിനാൽ ഇൻസ്റ്റലേഷൻ ചാർജ്ജ് ഇനത്തിൽ ചെലവായ 1,900 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരിച്ചു പിടിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ വാങ്ങിക്കുന്നതിന് വേണ്ടി ചെലവഴിച്ച ബാക്കി തുക 37,582 രൂപയുടെ (39,482-1,900) ചെലവ് ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാസറഗോഡ് ജില്ലാ പഞ്ചായത്ത് | 2015-16 | 2,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,50,000 | - |
| കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,50,000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,50,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| KSEB | പ്രൊ.നം 380/16തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | Vr.No. 21500730 /05-01-16 | 99,514 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 99,514 |
| KSEB | പ്രൊ.നം 246/16 തെരുവ് വിളക്ക് ലൈൻ എക്സ്റ്റൻഷൻ | Vr.No. 21500730 /05-01-16 | 27,135 | വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടില്ല | 27,135 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ. (സാധ) നം 565/10 തസ്വഭവ തി. 22-02-2010 | 1,86,37,500 | 74,32,005 | 31,13,750 | - | 43,18,255 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 5,899-രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ<br>പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| ലഭ്യമല്ല | ലഭ്യമല്ല | 3,147 | ജനാർദ്ദനൻ.കെ.എൻ | 11501107235/<br>31-12-15 |
| ലഭ്യമല്ല | ലഭ്യമല്ല | 2,752 | ഹംസ. | 11501107385/<br>31-12-15 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹6,74,44,628 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹8,57,69,275 |
| വരവിനങ്ങളിലുള്ള നഷ്ടം | ₹1,750 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,55,483 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7,14,088 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 1,750 | - | വത്സൻ.എം.സെക്രട്ടറി |
| 3-6 | - | 2,700 | വത്സൻ.എം.സെക്രട്ടറി |
| 3-8 (₹82,081) | - | 41,040 | കെ.എം.കുഞ്ഞുമോൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| | | 21,331 | ദിനേശൻ അസിസ്റ്റന്റ് എഞ്ചിനിയർ |
| | | 19,710 | മിത്ര.വി. അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-9 | - | 61,002 | ശ്രുതി.എം.കെ അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-17 | - | 9,700 | എം.ബാബു അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 6,300 | ജയൻ.പി .സെക്രട്ടറി |
| | 34,380 | ബാബു.എം .അസി.സെക്രട്ടറി |

| | | |
|---|---|---|
| | 1,28,230 | വത്സൻ.എം .സെക്രട്ടറി |
| 3-4 | 25,800 | വത്സൻ.എം.സെക്രട്ടറി |
| 3-5 | 23,104 | വത്സൻ .എം.സെക്രട്ടറി |
| 3-7 | 11,757 | ജയൻ.പി.സെക്രട്ടറി |
| 3-12 | 1,49,800 | വത്സൻ.എം.സെക്രട്ടറി |
| 3-13 | 1,08,141 | ജിഷ.പി.ജി.ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-17 | 2,26,576 | ബാബു.എം .അസി.സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എം.കുഞ്ഞുമോൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, പരപ്പ ബ്ലോക്ക് പഞ്ചായത്ത് | അജന്ത, കറുകയിൽ വാർഡ്, ആലപ്പുഴ |
| ദിനേശൻ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, പുത്രിക്ക ഗ്രാമ പഞ്ചായത്ത് | തുമ്പയിൽ വീട്, അട്ടുപ്പറമ്പ്, മൂവാററുപുഴ.പി.ഒ, എറണാകുളം |
| മിത്ര.വി., അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, ജില്ലാ പഞ്ചായത്ത് കാസറഗോഡ് | സൗപർണിക, വെള്ളച്ചാൽ, കൊടക്കാട്. പി.ഒ, കാസറഗോഡ് |
| ശ്രുതി.എം.കെ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, തൃക്കരിപ്പൂർ ഗ്രാമ പഞ്ചായത്ത് | സ്വാതി, പടന്നക്കാട് പടന്നക്കാട്.പി.ഒ, കാസറഗോഡ് ജില്ല |
| വത്സൻ.എം, സെക്രട്ടറി | സെക്രട്ടറി,കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്ത് | എം.ജി.യു.പി.സ്കൂളിനു സമീപം,കരിവെള്ളൂർ. |
| ബാബു.എം, അസി.സെക്രട്ടറി | അസി.സെക്രട്ടറി, ചെങ്കള ഗ്രാമ പഞ്ചായത്ത് | എം.ജി.യു.പി.സ്കൂളിനു സമീപം,കരിവെള്ളൂർ. |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നുള്ള ഏറ്റവും അവസാനത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1976-77 | എൽ.എഫ്.സി 15/2579/80 തീ. 02.05.80 | 50 |
| 1980-81 | എൽ.എഫ്.സി 11/304/84 തീ. 28.04.84 | 21 |

| | | |
|---|---|---|
| 1986-87 | എൽ.എഫ്.സി7/1287/91 തീ. 25.09.91 | 11 |
| 1987-88 & 1988-89 | എൽ.എഫ്.സി 7/1989/92 തീ. 21.04.93 | 8 |
| 1989-90 & 1990-91 | എൽ.എഫ്.കെ.എസ്.ഡി1/157/96 തീ. 23.04.96 | 1 |
| 1991-92 & 1992-93 | എൽ.എഫ്.കെ.എസ്.ഡി3/53/98 തീ : 06.02.98 | 4 |
| 1993-94 to 1995-96 | എൽ.എഫ്.കെ.എസ്.ഡി5/311/00 തീ. 28.01.02 /05.09.03 | 29 |
| 1996-97 | എൽ.എഫ്.കെ.എസ്.ഡി 5/34/99 തീ : 15.01.02/08.05.02 | 11 |
| 1996-97(final) | എൽ.എഫ്.കെ.എസ്.ഡി 4/483/07 തീ. 18.08.07/19.02.08 | 6 |
| 1997-98 | എൽ.എഫ്.കെ.എസ്.ഡി 5/13/05 തീ : 06.01.07/14.07.08 | 8 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി 4/636/06 തീ. 05.01.07/18.07.08 | 20 |
| 1999-2000 | എൽ.എഫ്.കെ.എസ്.ഡി 4/637/07 തീ. 14.12.09 | 9 |
| 2000-01 | എൽ.എഫ്.കെ.എസ്.ഡി 4/638/07 തീ. 12.01.10/08.03.10 | 6 |
| 2001-02 | എൽ.എഫ്.കെ.എസ്.ഡി 4/639/07 തീ.14.01.10/08.03.10 | 6 |
| 2002-03 | എൽ.എഫ്.കെ.എസ്.ഡി 4/285/09 തീ. 07.11.09/03.08.10 | 8 |
| 2003-04 | എൽ.എഫ്.കെ.എസ്.ഡി 4/285A/08 തീ : 07.11.09 | - |
| 2004-05 | എൽ.എഫ്.കെ.എസ്.ഡി 4/48/09 തീ : 02.12.09/30.08.10 | 12 |
| 2005-06 | എൽ.എഫ്.കെ.എസ്.ഡി 3/393/11 തീ. 03.01.12/13.02.12 | 5 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി 3/578/2011 തീ : 03.01.12/16.02.12 | 11 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി 4/922/2011 തീ : 10.01.12/08.05.12 | 12 |

| | | |
|---|---|---|
| 2008-09,09-10, 10-11 | എൽ.എഫ്.കെ.എസ്.ഡി 4/508/2010 തീ. 10.06.2013 | 12 |
| 2012-13, 2013-14 | എൽ.എഫ്.കെ.എസ്.ഡി8/1324/2014 തീ. 11.12.2014 | 21 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി7/732/2016 തീ. 19.07.16 | 31 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ്

കാര്യാലയം, കാസറഗോഡ്

## അനുബന്ധം -1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-6/75/ 2017

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്

ജില്ലാ ഓഡിറ്റ്

കാര്യാലയം

കാസറഗോഡ്

E-mail:-

doksd.ksad@kerala.gov.in

തീയതി.30.01.2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കാസറഗോഡ് ജില്ലയിലെ ചെങ്കള ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1(3) ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, ചെങ്കള ഗ്രാമ പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

കാസറഗോഡ്

No. KSA-KSD/6/75/2017

Kerala State Audit Department

District Audit Office,Kasaragod – 671123

E-mail:- doksd.ksad@kerala.gov.in

Dated:30.01.2017

AUDIT CERTIFICATE

Certified that, I have audited the Annual Financial Statement of Chengala Grama Panchayat in Kasaragod District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chengala Grama Panchayat for the year 2015-16, except the observations in my Audit Report, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kasaragod